2016 സെപ്റ്റംബർ 25
വാല്യം 09
ലക്കം 18

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# പരിശുദ്ധാത്മ സാന്നിധ്യമുള്ള സഭ വളരും: പാസ്റ്റർ കെ. സി. ജോൺ

## ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസീയർ റവ. സി. സി. തോമസ് ചുമതലയേറ്റു

**മുളക്കുഴ:** പരിശുദ്ധാത്മ സാന്നിധ്യവും നിയന്ത്രണവും ഉള്ള സഭ വളരും. കാലഘട്ടത്തിനനുസരിച്ച് സഭയെ നയിക്കുവാനും നടത്തുവാനും ദൈവം അഭിഷിക്തന്മാരെ എഴുന്നേൽപ്പിക്കും. ഈ കാലഘട്ടത്തിൽ ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തെ വളർച്ചയിലേക്ക് നയിക്കുവാൻ ദൈവത്താൽ ആക്കപ്പെട്ട മനുഷ്യനാണ് പാസ്റ്റർ സി. സി. തോമസ്. അതിനുള്ള നിയോഗവും അഭിഷേകവും നൽകിയാണ് ദൈവം തന്റെ ദാസനെ ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത് എന്ന് പാസ്റ്റർ കെ. സി. ജോൺ നെടുമ്പ്രം പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് കേരളാ ഓവർസീയർ ആയി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സി. സി. തോമസിന് മുളക്കുഴയിൽ നൽകിയ സ്വീകരണസമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഐ. പി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ. പാസ്റ്റർ ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കർണ്ണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, കേരളാ റീജിയൻ ഓവർസീയർ പാസ്റ്റർ കെ. സി. സണ്ണികുട്ടി, കൽക്കട്ട ഓവർസീയർ പാസ്റ്റർ ബെന്നി ജോൺ എന്നിവരെ ആദരിച്ചു. മുൻ കേന്ദ്രമന്ത്രി പി. സി. തോമസ്, സി. പി. എം. ആലപ്പുഴ ജില്ലാ സെക്രട്ടറി സജി ചെറിയാൻ, ഡി.സി.സി. ആലപ്പുഴ ജില്ലാ സെക്രട്ടറി എബി കുര്യാക്കോസ്, പാസ്റ്റേഴ്സ് പി. ജി. മാത്യൂസ്, കെ. സി. ജോൺ മുളക്കുഴ, തോമസ് ഫിലിപ്പ്, വൈ. റെജി, വൈ. ജോസ്, തോമസുകുട്ടി എബ്രഹാം, ബ്രദർ ജോസഫ് മറ്റത്തുകാല തുടങ്ങിയവർ പ്രസംഗിച്ചു. വേൾഡ് മിഷന്റെ ഔദ്യോഗിക പ്രഖ്യാപന രേഖ പാസ്റ്റർ പി. ആർ ബേബി വായിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ് മറുപടി പ്രസംഗം നടത്തി.




മുളക്കുഴയിൽ നടന്ന സ്വീകരണസമ്മേളനത്തിൽ പാസ്റ്റർ സി. സി. തോമസ് പ്രസംഗിക്കുന്നു. പാസ്റ്റർ എം. കുഞ്ഞപ്പി, പി. സി. തോമസ്, പി. ജി. മാത്യൂസ്, കെ. സി. ജോൺ മുളക്കുഴ, കെ. സി. ജോൺ നെടുമ്പ്രം, ജോസഫ് മറ്റത്തുകാല തുടങ്ങിയവർ വേദിയിൽ

### ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസീയർ

## പാസ്റ്റർ കെ. സി. സണ്ണികുട്ടി ചുമതലയേറ്റു



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസീയർ പാസ്റ്റർ കെ. സി. സണ്ണികുട്ടി സെപ്റ്റംബർ ഒന്നിന് ചുമതലയേറ്റു. 3-ന് തിരുവല്ല ശാരോൻ ആഡിറ്റോറിയത്തിൽ നടന്ന സ്വീകരണസമ്മേളനത്തിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൻ സമർപ്പണ പ്രാർത്ഥന നടത്തി. പാസ്റ്റർ സണ്ണിവർക്കി അദ്ധ്യക്ഷത വഹിച്ചു. ഐ. പി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ മുഖ്യപ്രഭാഷണം നടത്തി. ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് അനുഗ്രഹ പ്രഭാഷണം നടത്തി.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ്, മുൻ ആഭ്യന്തരമന്ത്രി ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ., ശ്രീ ജോസഫ് എം. പുതുശേരി മുൻ എം. എൽ. എ., ഡോ. ഐസക്ക് സൈമൺ, പാസ്റ്റർമാരായ വിനോദ് ജേക്കബ്, വൈ. ജോസ്,

06

### ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൻ ഓവർസീയർ

## റവ. ബെന്നി ജോൺ ചുമതലയേറ്റു



**കൊൽക്കത്ത:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൻ ഓവർസീയർ റവ. ബെന്നി ജോൺ ചുമതലയേറ്റു. കൊൽക്കത്തയിലുള്ള സഭാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൻ സമർപ്പണ പ്രാർത്ഥന നടത്തി. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എ. ജോൺകുട്ടി അദ്ധ്യക്ഷത വഹിച്ചു. മുൻ ഓവർസീയർ പാസ്റ്റർ കെ. എം. തങ്കച്ചൻ, പാസ്റ്റർമാരായ ഷിബു ടി. മാത്യു, ദാവൂഡാ ഡീഗൾ, മാൻ ക്യൂർ പ്രധാൻ, ബിജു ഏബ്രഹാം, ദുർബാ ഡിഗൾ, മാത്യു ജോർജ്ജ്, സെക്രട്ടറി ബാബു ദാനിയേൽ, സണ്ണി എന്നിവർ ആശംസകൾ അറിയിച്ചു. പുനലൂർ ഒറ്റക്കൽ ചർച്ച് ഓഫ് ഗോഡ് സഭാംഗമായ ഇദ്ദേഹം കൗൺസിൽ അംഗം, ദേശീയ ഗവേണിംഗ് ബോഡി അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ, കൊൽക്കത്ത സഭാ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 13-ൽപരം സംസ്ഥാനങ്ങളിൽ 16-ലധികം ഭാഷക്കാരുടെ ഇടയിൽ വ്യാപിച്ചുകിടക്കുന്നതാണ് സെൻട്രൽ ഈസ്റ്റേൺ റീജിയൻ.

### ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസീയർ

## പാസ്റ്റർ ബെനിസൺ മത്തായി ചുമതലയേറ്റു



**മുംബൈ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസീയർ പാസ്റ്റർ ബെനിസൺ മത്തായി ചുമതലയേറ്റു. മുംബൈയിൽ നടന്ന ചടങ്ങിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൻ സമർപ്പണ പ്രാർത്ഥന നടത്തി. പാസ്റ്റർമാരായ സാംകുട്ടി ഇ. സി., വി. ഒ. വർഗീസ്, പി. റ്റി. ജേക്കബ്, മാത്യു റ്റി. ശമുവേൽ, ജോൺ മുട്ടുവേലി, വി. വി. അലക്സാണ്ടർ ഈസ്റ്റേൺ റീജിയൻ ഓവർസീയർ റവ. രാജു തോമസ് എന്നിവർ ആശംസകൾ അറിയിച്ചു. സ്ഥാനം ഒഴിയുന്ന ഓവർസീയർ റവ. ജോസഫ് മാത്യുവിന് യാത്രയയ്പ്പു നല്കി. മുൻ ഓവർസീയർ പാസ്റ്റർ എ. മത്തായിയുടെ മകനാണ് ബെനിസൺ മത്തായി.

## സാക്ഷി



കാശ്മീരിൽ ഭീകരാക്രമണത്തിൽ ഭാരത സൈനികർക്ക് ജീവഹാനി – **വാർത്ത**

*ഭീകരവാദം ഒന്നിനും പരിഹാരമല്ല എന്ന തിരിച്ചറിവ് ലോകത്തിനുണ്ടാകട്ടെ.*

## ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ പെരുമ്പാവൂരിൽ: റവ. രവിമണി മുഖ്യ പ്രസംഗകൻ



**പെരുമ്പാവൂർ:** ഐ. പി. സി. കേരളാ സ്റ്റേറ്റ് കൺവൻഷൻ 2016 ഡിസംബർ 7 – 11 വരെ പെരുമ്പാവൂരിൽ നടക്കും. സുപ്രസിദ്ധ പ്രസംഗകനായ റവ. രവിമണി (ബാംഗ്ളൂർ) മുഖ്യപ്രഭാഷകനായിരിക്കും. കൺവൻഷന്റെ നടത്തിപ്പിനായി സെപ്റ്റംബർ 17 ശനിയാഴ്ച്ച പെരുമ്പാവൂർ ഒന്നാം മൈൽ ഐ. പി. സി. ഹെബ്രോൻ സഭയിൽ വിളിച്ചു കൂട്ടിയ ലോക്കൽ തലത്തിലുള്ള പ്രഥമ ആലോചന യോഗത്തിൽ വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ച് വിശദീകരിച്ചു തുടർന്ന് ലോക്കൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് ജനറൽ കൺവീനറായിരിക്കും.

കൺവൻഷന്റെ സംഘാടക സമിതി രക്ഷാധികാരിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. എം. ജോസഫ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ സി. സി. എബ്രഹാം (ജോയിന്റ് സെക്രട്ടറി) സ്വാഗതവും ബ്രദർ ഗ്ലാഡ്സൺ ജേക്കബ് നന്ദിയും പറഞ്ഞു. ബ്രദർ ജോയി താനുവേലിൽ (ട്രഷറർ) വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് സംസാരിച്ചു. പാസ്റ്റർ സണ്ണി മാത്യു, കൗൺസിൽ അംഗ

02

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ



**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ നവംബർ 28 തിങ്കൾ മുതൽ ഡിസംബർ 4 ഞായർ വരെ തിരുവല്ല ശാരോൻ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യും. സുപ്രസിദ്ധ സുവിശേഷകപ്രഭാഷകർ വിവിധ യോഗങ്ങളിൽ ദൈവവചന സന്ദേശങ്ങൾ നൽകും.

ബൈബിൾ സ്റ്റഡി, പാസ്റ്റേഴ്സ് കോൺഫറൻസ്, സിംഗ് & പ്രെയ്സ്, സി.ഇ.എം – സണ്ടേസ്കൂൾ സംയുക്ത സമ്മേളനം, വനിതാ സമ്മേളനം, മിഷൻ ചലഞ്ച്, ധ്യാന യോഗങ്ങൾ തുടങ്ങിയുള്ള മീറ്റിംഗുകൾ കൺവൻഷനോടനുബന്ധിച്ചു നടക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, കെ. ജോണിക്കുട്ടി (പ്രെയർ), എബ്രഹാം മന്ദമരുതി, ജോർജ് മുണ്ടകൻ (പബ്ലിസിറ്റി), സഹോദരന്മാരായ കെ. ഇ. ജോർജുകുട്ടി, കെ. കെ. തോമസ് (ഫിനാൻസ്), പാസ്റ്റർമാരായ ജോൺസൺ കെ. ശാമുവേൽ, എം. ജെ. ജോൺ,

07

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുതുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഭീകരതയ്ക്കെതിരെ അണിനിരക്കാം

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

കാശ്മീരിൽ നടന്ന ഭീകരാക്രമണത്തിൽ നമ്മുടെ ധീരന്മാരായ ജവാന്മാർ ജീവത്യാഗം ചെയ്യേണ്ടിവന്ന വാർത്ത ഓരോ ഭാരതീയന്റെയും ഹൃദയത്തെ തകർക്കുന്നതായി. സ്വന്ത രാജ്യത്തിന്റെ സുരക്ഷിതത്വത്തിനായി കാശ്മീരിൽ ത്യാഗപൂർണ്ണമായ സേവനം ചെയ്തിരുന്നവരെ കൊന്നൊടുക്കിയ ഭീകരരുടെ പ്രവർത്തിയെ മനസാക്ഷിയുള്ള ആർക്കും അംഗീകരിക്കുവാൻ കഴിയില്ല. അയൽരാജ്യങ്ങളുമായി സമാധാനത്തിൽ പോകുവാൻ ആഗ്രഹിക്കുന്ന നമ്മുടെ രാജ്യത്തിന്റെ ഐക്യതയെയും അഖണ്ഡതയെയും തകർക്കുവാൻ ഒരു ഭീകരാക്രമണത്തിനും കഴിയുകയില്ല. വൈവിധ്യമാർന്ന ജാതി-മത-സംസ്കാര-ഭാഷകളെ ഐക്യത്തിന്റെ ചരടിൽ കോർത്തിണക്കുവാനും കാര്യമായ പ്രശ്നങ്ങളൊന്നുമില്ലാതെ മുന്നോട്ടു നയിക്കുന്ന ഭാരതത്തിന്റെ ജനാധിപത്യ സംവിധാനം ലോകത്തിനെന്നും അദ്ഭുതമാണ്. കാലാകാലങ്ങളിൽ നമ്മെ നയിച്ച ഭരണകർത്താക്കൾ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നമ്മുടെ രാജ്യത്തെ നടത്തി. ലോകത്തിലെ പ്രധാന ശക്തികളിലൊന്നായി നമ്മുടെ ഭാരതം നിലകൊള്ളുകയാണ്. കാലാകാലങ്ങളിൽ മതത്തിന്റെയും മറ്റും പേരിൽ ഭീകരവാദികൾ ഭാരതത്തിന്റെ ഐക്യതയെയും സമാധാനത്തെയും തകർക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഭാരതീയർ ഒറ്റക്കെട്ടായി അതിനെയെല്ലാം അതിജീവിച്ചു. ഭാരതത്തോടൊപ്പം സ്വാതന്ത്ര്യം നേടിയ പാകിസ്ഥാനിന്റെ അസഹിഷ്ണതയാണ് ഇത്തരം ഭീകരാക്രമണത്തിനു പിന്നിൽ. മറ്റ് മതങ്ങളെ അടിച്ചമർത്തുകയും ഭീകരവാദം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പാകിസ്ഥാന്റെ നയങ്ങൾ ഒരു രാജ്യത്തിനും ഭൂഷണമല്ല.

സകല മര്യാദകളെയും അതിലംഘിച്ചാണ് കാശ്മീർ വിഷയത്തിൽ പാകിസ്ഥാന്റെ നഗ്നമായ ഇടപെടൽ. എന്നാൽ ശത്രുവിനെതിരെ ആയുധമായി ഉപയോഗിക്കുന്ന ഭീകരർ അവർക്ക് തന്നെ വിനയായി ഭവിക്കും. ലോകചരിത്രത്തിലെ എല്ലാ ഭീകരസംഘടനകളുടെയും ചരിത്രം നാം പഠിക്കുമ്പോൾ പൊതുവായി മനസ്സിലാക്കുവാൻ കഴിയുന്ന ഒരു സത്യമുണ്ട്. കാലാകാലങ്ങളിൽ വിവിധ രാജ്യങ്ങളും ഭരണകർത്താക്കളുമാണ് ഭീകരർക്ക് വളരുവാനും ഭീകര സംഘടനകൾ ഉടലെടുക്കുവാനും കാരണക്കാരായത്. എന്നാൽ അത്തരം സംഘടനകൾ പ്രോത്സാഹനം കൊടുത്തവർക്ക് തന്നെ വിനയായി ഭവിച്ചുവെന്നതും പിൽക്കാലചരിത്രം. പാകിസ്ഥാൻ നടത്തുന്ന ഈ തീക്കളിയുടെയും അനന്തരഫലം ഇതൊക്കെ തന്നെയാകും.

കാശ്മീർ ഇന്ത്യയുടെ അഭിഭാജ്യഘടകമാണ്. കാശ്മീർ ജനത ഭാരതീയസഹോദരരും കാശ്മീർ ഇന്ത്യയുടെ അഭിമാനമാണ്. അതിന്റെ സുരക്ഷയ്ക്കായി ജീവൻ ബലിയർപ്പിച്ച സൈനീകരും സാധാരണക്കാരായ ജനതയും നൂറുകണക്കിനാണ്. ഭീകരതയ്ക്കെതിരെ ഭാരതജനത ഒറ്റക്കെട്ടായി നിൽക്കേണ്ട സന്ദർഭമാണിത്. ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ എല്ലാം ഉയരുന്ന ഭീകരത പ്രോത്സാഹിക്കപ്പെടുവാൻ പാടില്ല. ഭീകരതയുടെ പേരിൽ ഉയരുന്ന ആക്രമണങ്ങൾ മനസാക്ഷി മരവിക്കാത്ത ആരെയും കരയിപ്പിക്കുന്നതാണ്. നിസ്സഹായരായ കുഞ്ഞുങ്ങളെപ്പോലും വെറുതെ വിടാത്ത ഭീകരർ സ്ത്രീകൾക്കെതിരെ നടത്തുന്ന പീഡനങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്.

ലോകത്തെ പല രാജ്യങ്ങളിലും അസമാധാനം വിതച്ചുകൊണ്ട് ഭീകരവാദം തിമിർത്താടുകയാണ്. ഭീകരതയുടെ കരാളഹസ്തങ്ങൾ നമ്മുടെ രാജ്യത്തെ പിടിമുറുക്കാതിരിക്കുന്നത് ഭാരതത്തിന്റെ ജനാധിപത്യസംവിധാനത്തിന്റെ ശക്തിയെ വിളിച്ചറിയിക്കുന്നതാണ്. മതത്തിന്റെയും ജാതിയുടെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ ഉയരുന്ന യാതൊരുവിധ ഭീകരതയെയോ വിഭാഗീയതയെയോ പ്രോത്സാഹിപ്പിക്കുവാൻ പാടില്ല. അത്തരം ശക്തികളെ ഒറ്റപ്പെടുത്തുക തന്നെവേണം. ലോകത്തിലെ ഏറ്റവും സുരക്ഷിത രാജ്യങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന അമേരിക്കപോലും ഭീകരരെക്കുറിച്ചുള്ള ഭയപ്പാടിലാണ്. ന്യൂജേഴ്സിയിലും ന്യൂയോർക്കിലുമൊക്കെ ഉണ്ടായ സ്ഫോടനങ്ങൾ ഭീകരരുടെ ഉദ്ദേശം വെളിവാക്കുന്നതാണ്.

കാശ്മീരിലെ നുഴഞ്ഞുകയറ്റക്കാർക്ക് അനുകൂലമായ സാഹചര്യം ഒരുക്കുവാൻ പാകിസ്ഥാൻ പട്ടാളം നടത്തുന്ന വെടിവെയ്പ്പുകളും മറ്റും ഭാരതത്തിന്റെ അഖണ്ഡതയ്ക്കെതിരെയുള്ള വെല്ലുവിളിയാണ്. നമ്മുടെ ഒരു സൈനീകന്റെ മരണം പോലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഭാരതം എന്നു കേട്ടാൽ തിളയ്ക്കണം നമുക്ക് ഞരമ്പുകളിൽ. ഭാരതം നമ്മുടെ അഭിമാനമാണ്. അതിന്റെ ഐക്യതയും അഖണ്ഡതയും നമ്മുടെ ആവശ്യമാണ്. അതിനായി നമുക്ക് അഭിമാനത്തോടെ ഒരുമിച്ചുനിൽക്കാം. ഭാരതീയൻ എന്നതിൽ നമുക്ക് അഭിമാനിക്കാം,

യുവജന പംക്തി

# യുവാക്കളെ ഇതിലെ ഇതിലെ

ഭാഗം 2



ബിനു വടശ്ശേരിക്കര

ഇന്നത്തെ ലോകത്തിൽ ഏറ്റവും ക്ഷാമം നേരിടുന്നത് മാതൃക ജീവിത ഉടമകളെയാണ്. ബൈബിൾ പറയുന്നത്, വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു എന്നാണ്. അന്യം നിന്നു പോകുന്നവർ. ഇന്നത്തെ ക്രൈസ്തവലോകത്തും മാതൃകാജീവിതം നയിക്കുന്നവർ വിരലിൽ എണ്ണാവുന്നവർ മാത്രം. കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ ക്രൈസ്തവ ചരിത്രം നോക്കിയാൽ പ്രശസ്തിയെക്കാൾ പ്രാധാന്യം വിശുദ്ധിക്കും മാതൃകാജീവിതത്തിനും ആയിരുന്നു.

ഇന്ന് സ്ഥിതിഗതികൾക്ക് മാറ്റം വന്നിരിക്കുന്നു. ആത്മീകതയെക്കാൾ രാഷ്ട്രീയത്തിന് പ്രാധാന്യം കൈവന്നിരിക്കുന്നു. എന്തുവില കൊടുത്തും കസേര സ്വന്തമാക്കുക എന്നതായി ലക്ഷ്യം. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ (survival of the fittest) പിടിപ്പും പണവും അടവും തന്ത്രങ്ങളും ആത്മീക ലോകത്ത് കടന്നുകയറി. ന്യൂ ജനറേഷൻ ഭാഷയിൽ "ഉടായിപ്പുകൾ" ആണ് ഇന്ന് അരങ്ങ് തകർക്കുന്നത്. ഒരു പക്ഷേ രാഷ്ട്രീയക്കാരെ സ്വാധീനിക്കാൻ സഭ രാഷ്ട്രീയത്തിലേക്ക് കയറേണ്ടതിനു പകരമായി രാഷ്ട്രീയം സഭയിലേക്ക് കയറി. സഭാചരിത്രം പഠിക്കുമ്പോൾ ഇത്തരം സ്ഥിതിഗതികൾ മുമ്പും ഉണ്ടായിട്ടുണ്ട്. അങ്ങനെ ഒരു കാലത്താണ് മാർട്ടിൻ ലൂഥർ ഉണർവ്വ് സഭയുടെ വക്താവായി പുറത്തു വരുന്നത്.

**വേർപ്പെട്ട സഭകൾക്ക് എന്തുപറ്റി**

ഒരുകാലത്ത് എല്ലാറ്റിനോടും വേർപാടും വിരക്തിയും കാട്ടിയിരുന്ന വേർപ്പെട്ട സഭയ്ക്കു ഇന്നു എന്തുപറ്റി?

**കർത്താവിന്റെ വരവും വിശുദ്ധജീവിതവും**

കർത്താവിന്റെ വരവും വിശുദ്ധജീവിതവും മാത്രം മുമ്പിൽ കണ്ട പിതാക്കന്മാരുടെ രണ്ടും മൂന്നും തലമുറകൾക്കാണ് ഈ മൂല്യച്യുതി സംഭവിച്ചത് എന്നോർക്കണം. ഒരു കാലത്ത് സ്കൂളുകളും ആശുപത്രിയും വേണ്ടെന്ന് വയ്ക്കാൻ കാരണം യേശു വേഗം വരുന്നു എന്ന കാഴ്ചപ്പാടിലായിരുന്നു. ദർശനം മൂത്തവർ ഓരോ മുക്കിലും മൂലയിലും ബൈബിൾ കോളജുകൾ ആരംഭിച്ചു. എന്നാൽ ഇന്ന് സഭ സംഘടനാവത്കരണം (institutionalization of the Church) നടത്തിയിരിക്കുന്നു. സ്ഥാപനജംഗമവസ്തുക്കൾക്ക് ആണ് ഇന്ന് പ്രാധാന്യം. ഇവയൊന്നും വേണ്ട എന്നല്ല മറിച്ച് ദർശന വ്യതിയാനം ചൂണ്ടിക്കാണിക്കാൻ പറഞ്ഞു എന്നുമാത്രം.

ദർശനവ്യതിയാനം ആത്മീക ലോകത്തിലെ ഒരു പ്രശ്നമാണ്. അത് പല നേതാക്കളിലും സഭകളിലും കണ്ടു വരുന്നു. എന്നാൽ ഇതിനൊരു മാറ്റം വരണ്ടേ? സ്ഥാനമാനങ്ങൾ നല്ലതുതന്നെയാണ്: 'എന്നാൽ മത്സരങ്ങളിലൂടെയും ബലപ്രയോഗം, കേസുകൾ മൂലം നേടേണ്ട ഒന്നാണോ ആത്മീക നേതൃത്വം. ആത്മീക നേതൃത്വത്തിന്റെ മാനദണ്ഡം എന്താണ്. എങ്ങനെ ഒരാളെ തിരഞ്ഞെടുക്കണം തുടങ്ങിയ കാര്യങ്ങളിൽ അല്പം കൂടി വ്യക്തത അനിവാര്യമാണ്.

**ആദിമസഭയുടെ മാതൃക**

ആദിമസഭയിലും തിരഞ്ഞെടുപ്പും കൈവെപ്പും നടത്തിയിരുന്നത് പരിശുദ്ധാത്മ നിയോഗത്തിലാണ്. എല്ലാറ്റിലും ദൈവത്തെയും ദൈവാത്മാവിനെയും അനുസരിക്കുവാൻ ബദ്ധശ്രദ്ധരായിരുന്നു ആദിമസഭ.

യൂദാസ് കെട്ടി തൂങ്ങി മരിച്ചപ്പോൾ തൽസ്ഥാനത്തേക്ക് മറ്റൊരാളെ തിരഞ്ഞെടുക്കേണ്ടി വന്നതാണ് സഭയിലെ ആദ്യ ഇലക്ഷൻ.

**ആദ്യ ഇലക്ഷൻ മാനദണ്ഡങ്ങൾ**

1. അവരോടൊപ്പം ഉണ്ടായിരുന്ന ഒരാൾ
2. യേശുവിന്റെ ശുശ്രൂഷകളിൽ പങ്കാളി
3. മറ്റുള്ളവർക്ക് അംഗീകാരമുള്ളവൻ
4. പ്രാർത്ഥനയ്ക്ക് പ്രാധാന്യം
5. ദൈവഹിതം അന്വേഷിച്ചു
6. ചീട്ടിട്ട്

ഈ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ തീരുമാനത്തിന് സ്ഥാനം ഇല്ലായിരുന്നു. തന്ത്രങ്ങളോ കൗശലങ്ങളോ ഇല്ലായിരുന്നു. ദൈവീക തിരഞ്ഞെടുപ്പിനായിരുന്നു പ്രാധാന്യം. ജനാധിപത്യ വ്യവസ്ഥിതി അല്ല സഭയ്ക്കുള്ളത്. സഭയുടെ നാഥൻ ക്രിസ്തുവാണ്. ജനങ്ങൾ തിരഞ്ഞെടുക്കുന്നവർ അല്ല നേതൃത്വത്തിൽ വരേണ്ടത്. ദൈവീക തിരഞ്ഞെടുപ്പിനാണ് പ്രാധാന്യം.

പരിശുദ്ധാത്മാവ് പറയുന്നത് അനുസരിച്ചാണ് ആദിമസഭ നയിക്കപ്പെട്ടിരുന്നത്. അപ്പോ.13:2-ൽ പരിശുദ്ധാത്മാവ് പറഞ്ഞത് അനുസരിച്ച് ശൗലിനെയും ബർന്നബാസിനെയും വേലക്കായി വേർതിരിക്കുന്നതായി കാണാം. ഇന്നത്തെ വോട്ട് സംവിധാനങ്ങൾ ആത്മീകമായി നയിക്കപ്പെടുന്ന സഭയ്ക്ക് യോജിച്ചതല്ല.

ആദിമസഭ ദർശനത്തിൽ നിന്ന് വ്യതിചലിക്കാതെ പ്രവർത്തിച്ചു. ഇന്നത്തെ സഭകൾ ആത്മീയ കാഴ്ചപ്പാടിൽ നിന്ന് ബഹുദൂരം അകലെയാണ്. ആത്മീക കാഴ്ചപ്പാടില്ലാത്തവർ സഭയുടെ നേതൃത്വത്തിൽ വരരുത്. പല ക്രിസ്തീയ സംഘടനകളും ഇത്തരത്തിൽ തകർന്നുപോയത് ചൂണ്ടി കാണിക്കാൻ കഴിയും. ദർശനം ഇല്ലായ്കയാൽ ജനം നശിക്കുന്നു എന്നത് ശ്രദ്ധേയമാണ്. നേതൃത്വത്തിന് ദർശനം നഷ്ടമായാൽ ജനം നശിക്കും, കൂടെയുള്ളവർ വലയും. ലോത്തിനെപോലെയുള്ളവർ സഭ നേതൃത്വത്തിൽ വന്നാൽ "പച്ച"ഉള്ളത് മാത്രമായിരിക്കും ലക്ഷ്യം.

കനാനിലേക്കുള്ള യാത്രയിൽ കൂടാരം അടിച്ചാണ് യിസ്രായേൽ മക്കൾ യാത്ര ചെയ്തത്. ദൈവീക കാഴ്ചപ്പാട് പ്രാപിച്ച അബ്രഹാം കൂടാരങ്ങളിലും. ലോത്തിന്റെ കാഴ്ചപ്പാടുള്ളവർ ഇന്നത്തെ സഭയുടെ ശാപമാണ്. (തുടരും...

01 ↩ ഐ. പി. സി. സ്റ്റേറ്റ്...

ങ്ങളായ പാസ്റ്റർമാരായ സാം ദാനിയേൽ, ടി. ഏ. തമ്പി, ജോയി പുല്ലുവഴി, ജോയി പെരുമ്പാവൂർ, അനിൽ കുര്യാക്കോസ്, സഹോദരന്മാരായ സജി മത്തായി കാതേട്ട്, സണ്ണി എബ്രഹാം, തമ്പി മുടവന്തിയിൽ, പി, വൈ. പി. എ സംസ്ഥാന സെക്രട്ടറി ലൈജു കുന്നത്ത്, ബേസിൽ അറയ്ക്കൽപ്പടി തുടങ്ങിയവർ സംബന്ധിച്ചു.

## എനിക്കും പറയാനുണ്ട്

# ഒരു മാധ്യമപ്രവർത്തകന്റെ സ്വകാര്യ ദുഃഖങ്ങളും അഭിമാനനിമിഷങ്ങളും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

നേരായ മാധ്യമ പ്രവർത്തനം എപ്പോഴും വെല്ലുവിളികൾ നിറഞ്ഞതാണ്. സത്യം വിളിച്ചുപറയുമ്പോൾ വായ് അടയ്ക്കുവാൻ ഉണ്ടാകുന്ന സമ്മർദ്ദം ചെറുതൊന്നുമല്ല. മാധ്യമങ്ങൾ ഉയർത്തുന്ന വിമർശനങ്ങളെ അതേ നിലയിൽ ഉൾക്കൊള്ളുവാൻ കഴിയുന്ന നേതാക്കന്മാർ നമ്മുടെ ഇടയിൽ വളരെ കുറവാണ്. ഞാൻ കണ്ടതിൽ ഇക്കാര്യത്തിൽ വ്യത്യസ്തനായ ഒരു നേതാവ് പാസ്റ്റർ കെ. സി. ജോൺ തന്നെയാണ്. ശക്തമായ വിമർശനങ്ങളുടെ മുമ്പിലും മാധ്യമങ്ങളെ അതേ നിലയിൽ ഉൾക്കൊള്ളുന്ന അദ്ദേഹം മാധ്യമപ്രവർത്തകരുമായി അടുത്ത സൗഹൃദമാണ് പുലർത്തുന്നത്. ഐ. പി. സി. പ്രസ്ഥാനത്തിലെ മിക്ക നേതാക്കന്മാരും മാധ്യമങ്ങളുമായി നല്ല ബന്ധം സൂക്ഷിക്കുന്നവരാണ്. എന്നാൽ അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ വളരെ പിന്നോക്കം തന്നെയാണ്.

ഞാൻ കൂടി ഉൾപ്പെടുന്ന ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിലെ പല നേതാക്കന്മാരും മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും കൈയ്യൂക്ക് കൊണ്ട് നേരിടുവാനാണ് ശ്രമിച്ചിട്ടുള്ളത്. ചരിത്രം അറിയാത്തവരുടെ അത്തരം പ്രവർത്തികൾ അവർക്ക് തന്നെ തിരിച്ചടിയായി. ഒരു മാധ്യമപ്രവർത്തകന്റെ സ്വകാര്യദുഃഖം എന്നതിൽ ഇതൊക്കെ ഉൾപ്പെടുന്നു. പാസ്റ്റർ പി. ജെ. ജെയിംസ് തന്റെ അണികളെ കൊണ്ട് അസഭ്യം പറയിപ്പിക്കുകയും ഭീഷണി മുഴക്കുകയും ചെയ്യുന്നത് പതിവായിരുന്നു. അതുകൊണ്ട് തന്നെ ദൈവസഭയുടെ ചരിത്രത്തിൽ ഇത്രയും വില നഷ്ടപ്പെട്ട മറ്റൊരു ഓവർസീയർ ഉണ്ടായിട്ടില്ല എന്നത് ചരിത്രം. നാണംകെട്ട് മുളക്കുഴ ബംഗ്ലാവ് വിടാതെ പുതിയ ഓവർസീയർക്ക് താമസ സൗകര്യം നൽകാതെയും അള്ളിപ്പിടിച്ച് കിടക്കുകയാണ്.

എന്റെ ഭവനത്തിൽ വന്ന് എന്നെ കൈകാലുകൾ വെട്ടുമെന്ന ഭീഷണിപ്പെടുത്തിയത് മറ്റൊരു നേതാവ് അയച്ചവരാണ്. പെന്തെക്കോസ്ത് സമൂഹത്തിന്റെ അധഃപതനം എത്ര ഭീകരമാണ് എന്ന് ഇത്തരം കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. നിലപാടുകളെയും ആശയങ്ങളെയും ഖണ്ഡിക്കേണ്ടത് നിലപാടുകളും ആശയങ്ങളും കൊണ്ടായിരിക്കണം. സെപ്റ്റംബർ 15-ന് എന്റെ മകന്റെ വിവാഹം ആയിരുന്നു. ആലോചിച്ച് ഉറപ്പിച്ച വിവാഹം തകർക്കുവാനായി ചില കേന്ദ്രങ്ങൾ നടത്തിയ നീക്കങ്ങൾ എന്നെ അക്ഷരീകമായി ഞെട്ടിച്ചു. അതിന്റെ ഏറ്റവും അറ്റത്ത് ചരട് വലിച്ച കേന്ദ്രം ഏതെന്ന് തിരിച്ചറിഞ്ഞപ്പോൾ ഒരു മാധ്യമപ്രവർത്തകന്റെ സ്വകാര്യദുഃഖമായി അതുമാറി. എന്നാൽ നീതിയും ന്യായവും നടത്തുന്ന ദൈവത്തിന്റെ കരുണയാൽ എല്ലാം മംഗളമായി പര്യവസാനിക്കുവാൻ ദൈവം കൃപ നൽകി. അതുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണത്തിന് താല്പര്യപ്പെടുന്നില്ല കാരണം അത് ഞങ്ങളുടെ സ്വകാര്യമായ വിഷയങ്ങളാണല്ലോ.

എന്നാൽ മാധ്യമപ്രവർത്തകനെന്ന നിലയിൽ എടുത്ത തീരുമാനങ്ങളും നിലപാടുകളും ആശയങ്ങളും കാലം ശരി വയ്ക്കുമ്പോൾ അല്പം സ്വകാര്യ അഹങ്കാരം തോന്നിയാൽ തെറ്റിദ്ധരിക്കരുത്. 2011-ലും 2013-ലും ബിലീവേഴ്സ് ജേണൽ ചർച്ച് ഓഫ് ഗോഡിന്റെ അടുത്ത ഭരണകർത്താവായി പാസ്റ്റർ സി. സി. തോമസിനെ അവതരിപ്പിച്ചപ്പോൾ നെറ്റിചുളിച്ചവർ അനേകരായിരുന്നു. ദൈവീക നിയോഗമുള്ള വ്യക്തിയെ തിരിച്ചറിയുവാനും കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് വിശകലനം ചെയ്ത് നിയോഗമുള്ളവനോടൊപ്പം നിൽക്കുവാനും ജേണൽ തീരുമാനിച്ചു. ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിലെ ഭരണകർത്താക്കളെയും ഭരണത്തിൽ വരാൻ സാധ്യതയുള്ളവരെയും വിശകലനം ചെയ്ത് സാധ്യതകൾ വിലയിരുത്തിയതിൽ ജേണലിന് തെറ്റുപറ്റിയില്ല. അഭിഷേകം നഷ്ടപ്പെട്ട ശൗലിനൊപ്പം നിൽക്കാതെ നിയോഗവും അഭിഷേകവും ഉള്ള ദാവീദിനൊപ്പം കഷ്ടം സഹിക്കുവാൻ യോനാഥാൻ തീരുമാനിച്ചിരുന്നെങ്കിൽ ദാരുണമായ അന്ത്യം ഉണ്ടാകുകയില്ലായിരുന്നു. അഭിഷേകം ഉള്ള ദാവീദിനെപ്പോലെ നിയോഗം ഉള്ള വ്യക്തിയെ തിരിച്ചറിഞ്ഞു കൂടെ നിൽക്കുവാനും പിന്തുണയ്ക്കുവാനും സാധ്യമായത് ഒരു മാധ്യമത്തിന്റെ നിർണ്ണായകമായ ഘടകമായി മാറി. അന്ന് ജേണൽ പറഞ്ഞത് പ്രവചനം പോലെ അച്ചട്ടായപ്പോൾ അതാണ് ഒരു മാധ്യമപ്രവർത്തകന്റെ അഭിമാനനിമിഷം. എന്നാൽ ജേണലിനും എഡിറ്റർ എന്ന നിലയിൽ വ്യക്തിപരമായി എനിക്കും അതിന് വലിയ വില നൽകേണ്ടി വന്നു. എന്നാൽ സത്യം, നീതി, ന്യായം ഇവയ്ക്കായി ശബ്ദം ഉയർത്തുവാൻ കഴിഞ്ഞത്, നട്ടെല്ലോടെ നിവരെ നിൽക്കുവാൻ കഴിഞ്ഞത് എല്ലാം അഭിമാന നിമിഷങ്ങൾ തന്നെയാണ്.

ബിലീവേഴ്സ് ജേണൽ പ്രസിദ്ധീകരണം തുടങ്ങിയിട്ട് 9 വർഷം പിന്നിട്ട് 10-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ലാഭനഷ്ടങ്ങളുടെ കണക്ക് നോക്കിയാൽ നഷ്ടത്തിന്റെ തട്ട് താണിരിക്കും. മാധ്യമ പ്രവർത്തനത്തിന്റെ റിസ്ക് വളരെ വലുതാണ്. ദൈനംദിന നടത്തിപ്പിന്റെ ആവശ്യത്തിനുള്ള ഫണ്ട് കണ്ടെത്തുക, വാർത്തകൾ കണ്ടെത്തുക ഇതിലെല്ലാം ഉപരി അനുഭവിക്കേണ്ടി വരുന്ന മാനസിക സംഘർഷം വളരെ വലുതാണ്. എന്നാൽ സത്യത്തിനും നീതിക്കും വേണ്ടി നിൽക്കുവാൻ കഴിയുന്നതിന്റെ ചാരിതാർത്ഥ്യം ഇവയെ എല്ലാം അതിജീവിക്കുന്നതാണ്.

അധികാരത്തിന്റെ ഇടനാഴികളിൽ ഇരുളിന്റെ മറപറ്റി എത്തുന്ന നമ്മുടെ പല നേതാക്കന്മാരെയും കാണുമ്പോൾ സങ്കടം തോന്നാറുണ്ട്. മുളക്കുഴയിലും അതിന്റെ ലാഞ്ചന കാണാനുണ്ട്. എന്നാൽ അനുഭവത്തിന്റെ തീച്ചൂളയിലൂടെ കടന്നുവന്ന പാസ്റ്റർ സി. സി. തോമസിന് ഇക്കൂട്ടരെ തിരിച്ചറിയുവാനുള്ള കൃപ ഉണ്ട് എന്നാണ് എന്റെ വിശ്വാസം. നിന്ദയുടെയും അപമാനത്തിന്റെയും നാളുകൾക്ക് പകരം ശിരസ്സ് ഉയർത്തിനിൽക്കുവാൻ ദൈവം അദ്ദേഹത്തിന് അവസരം നൽകിയത് കാണുമ്പോൾ ഒത്തിരി സന്തോഷമുണ്ട്. എല്ലാവിധമായ ഭാവുകങ്ങളും.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

–തുടർച്ച–

**തിമൊഥെയൊസ് ലേഖനം**



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പൗലോസിന്റെ ഒരു പ്രത്യേകത തന്റെ വായനക്കാരെ സഹോദരന്മാരെ എന്നാണ് സംബോധന ചെയ്യുന്നത്. ഇവിടെ മാത്രമല്ല മറ്റു പല ലേഖനങ്ങളിലും ഇതെ പ്രയോഗം കാണുവാൻ കഴിയും, റോമ:12:1. "നീ" എന്നു പറയുന്നത് തിമൊഥെയൊസിനെയാണ്, പൗലോസ് വിശ്വാസത്തിൽ കൊണ്ടുവന്നതും ശുശ്രൂഷിക്കുവാൻ അവസരങ്ങളെ കൊടുക്കുകയും എഫെസൊസ് പട്ടണത്തിലെ സഭയിലെ ശുശ്രൂഷകനുമായ തിമൊഥയൊസിനെ "നീ" എന്നാണ് വിളിക്കുന്നത്. പ്രായം കൊണ്ട് പക്വത കൊണ്ടും നീ എന്നു വിളിക്കുന്നത് തെറ്റില്ല, ഈ വിളി തീമൊഥെയൊസിനു വേദനയോ പ്രയാസമോ, ഉണ്ടാകുകയില്ല, പൗലോസ് തിമൊഥെയൊസിനെ വളരെയധികം സ്നേഹിക്കുന്നതു കൊണ്ട് മകനെ പോലെ കാണുന്നതുകൊണ്ട് ഈ വിളി സ്നേഹത്തോടും ആദരവുവോടും കൂടിയാണ്. വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വിശ്വാസം എന്നാൽ എന്ത്? എബ്രാ:11:1, റോമ: 10:17, വിശ്വാസത്തിനു നൽകിയിരിക്കുന്ന വ്യത്യസ്ത മുഖങ്ങളും അനുഭവങ്ങളും–

1. നിർവ്യാജ വിശ്വാസം, 2തിമൊ:1:4
2. വിലയേറിയ വിശ്വാസം, 2 പത്രോ:1:7
3. സ്ഥിരമായ വിശ്വാസം, കൊലെ:2:5-7
4. അതിവിശുദ്ധ വിശ്വാസം, യൂദാ:20-21

സദുപദേശം എന്നാൽ നല്ല ഉപദേശം എന്നാണ് ഒരു സഭാശുശ്രൂഷകൻ സദുപദേശത്തിന്റെയും വിശ്വാസത്തിന്റെയും വചനത്താൽ പോഷിപ്പിക്കപ്പെടണം. സ്വന്ത ജീവിതത്തിൽ പോഷണം കിട്ടാത്തവർ മറ്റുള്ളവർക്കു എങ്ങനെ പോഷണം നൽകുവാൻ കഴിയും? ശരീരം ക്രമമായ ഭക്ഷണത്താൽ പോഷിപ്പിക്കപ്പെടുന്നതുപോലെ സുവിശേഷവേലക്കാരൻ വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ നിരന്തരം പോഷിപ്പിക്കപ്പെടുകയും പുഷ്ടിപ്പെട്ടു വളർച്ച പ്രാപിച്ചുകൊണ്ടെയിരിക്കണം. ആഹാരം കഴിക്കുന്നില്ലായെങ്കിൽ ശരീരം ക്ഷീണിക്കും എന്നാൽ ശരിയായ ആഹാരം കഴിക്കുകയാണെങ്കിൽ ശരീരം പുഷ്ടിപ്രാപിച്ചു ബലപ്പെടും. ഇന്നത്തെ പല വിശ്വാസികൾക്കും ശരിയായ ഭക്ഷണമേ ആരോഗ്യമോ കിട്ടുന്നില്ല അതുകൊണ്ട് ദിവസം കഴിയുന്തോറും ക്ഷീണിച്ചു വരികയാണ്. സങ്കീർത്തനക്കാരൻ പറയുന്നത്, പച്ചയായ പുല്പുറങ്ങളിൽ അവർ എന്നെ കിടത്തുന്നു, സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് എന്നെ നടത്തുന്നു.സങ്കീ:23:2. നല്ല ഭക്ഷണം കഴിക്കുമ്പോൾ ആരോഗ്യം നിലനിർത്തുവാൻ കഴിയുന്നതുപോലെ വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ പോഷണം ലഭിച്ചാൽ ക്രിസ്തുയേശുവിന്റെ നല്ല ശുശ്രൂഷകൻ ആകും. ഒരു നല്ല ശുശ്രൂഷകന്റെ ലക്ഷണം ശരിയായ പഠനവും പ്രാർത്ഥനയും വിശുദ്ധിയുമാണ്. ഇങ്ങനെയല്ലാത്തവർ ഭക്തി വിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക. എഫെസൊസ് പട്ടണം കിഴവിക്കഥകൾക്കും ഭക്തിവിരുദ്ധമായ പഠിപ്പിക്കലുകൾക്കു വളരെ പ്രസിദ്ധമാണ്, അതുകൊണ്ടാണ് പൗലോസ് വീണ്ടും വീണ്ടും ഈ വിഷയം തന്നെ പറയുന്നത്. ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക. കായികാഭ്യാസത്തിന്റെ പ്രാധാന്യം ഗ്രീക്കുക്കാർക്കു വളരെ സുപരിചിതമാണ്. ശരീരത്തിന്റെ ആരോഗ്യം, സൗന്ദര്യം തുടങ്ങിയവ നിലനിർത്തുവാൻ ക്രമമായ അഭ്യാസം ആവശ്യമായിരിക്കുന്നതുപോലെ ആത്മീകാരോഗ്യവും സൗന്ദര്യവും ലഭിക്കേണ്ടതിന് ശാരീരിക അഭ്യാസം ആവശ്യമാകുന്നു. ഗ്രീക്കു നഗരങ്ങളിൽ ശരീരാഭ്യാസനത്തിനു ധാരാളം ജിംനേഷ്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവയിൽ പലതും അസന്മാർഗിക ജീവിതത്തിന് കുപ്രസിദ്ധമായിരുന്നു. ദൈവഭക്തി ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ ആരോഗ്യപ്രദായകമാണ്. അതു നിത്യമായ ഫലങ്ങൾ ഉളവാക്കുന്നതുമാണ്.



പൗലോസ് തിമൊഥെയൊസിനു നൽകുന്ന ഉപദേശം ശരീരാഭ്യാസം അല്പ പ്രയോജനമുള്ളതത്രേ. ഇന്നു പല പുസ്തകങ്ങളും പ്രസംഗങ്ങളും ശരീരാഭ്യാസത്തിനു ഊന്നൽ കൊടുത്തുകൊണ്ട് എഴുതിയിരിക്കുന്നു, എങ്ങനെ ആരോഗ്യം കാത്തു സൂക്ഷിക്കാം, ബൈബിൾ കൊടുക്കുന്ന പ്രാധാന്യം ഇതെല്ലാം. അതിൽ പരാമർശിക്കുന്നു, ഇന്നു ഇന്ത്യയിൽ ശരീരത്തിന് മുൻഗണന നൽകി കൊണ്ട് "യോഗ" പരിചയപ്പെടുത്തുന്നു, ഇന്ത്യയിൽ മാത്രമല്ലാ മറ്റു പല രാജ്യങ്ങളും ഇതിനെ സ്വീകരിക്കുകയും ഇന്റർനാഷണൽ യോഗ ദിവസമായ ജൂൺ 21-ാം തീയതി പ്രഖ്യാപിച്ചിരിക്കുന്നു. ക്രൈസ്തവ യോഗചെയ്യാമോ? പല വിശ്വാസികളും ശുശ്രൂഷകന്മാരും ഇത് ചോദിക്കാറുണ്ട്. ഇതിന് ഒറു ചെറിയ വിവരണം നൽകുവാൻ ആഗ്രഹിക്കുന്നു. യോഗ എന്നാൽ ഇതു ഒരു ശരീരിക വ്യായാമം, രണ്ടാമത് ഇത് ഒരു മനസ്സിന്റെ ധ്യാനം, മൂന്നാമത് ഇത് ഒരു മന്ത്രങ്ങൾ ഉരുവിടുന്നതാണ്. ശാരീരിക വ്യായാമം എന്നർത്ഥത്തിൽ ഇത് നല്ലതാണ് പക്ഷെ മതവുമായി കൂട്ടിച്ചേർക്കുമ്പോഴാണ് അംഗീകരിക്കുവാൻ പ്രയാസം. രണ്ടാമതായി മനസ്സിന്റെ ധ്യാനം അതായത് മനസ്സിലുള്ള എല്ലാ ചിന്തകളെയും മാറ്റി മനസ്സിനെ ശൂന്യപ്പെടുത്തണം, മനസ്സിനെ ശൂന്യമാക്കിയതിനുശേഷം ധ്യാനിക്കണം, ഇത് ബൈബിൾ ഒരിക്കലും പ്രോത്സാഹിപ്പിക്കുകയോ അനുശാസിക്കുകയോ ചെയ്യുന്നില്ല. ബൈബിൾ പറയുന്നു, ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ, കൊലെ:3:16. സങ്കീർത്തനക്കാരൻ പറയുന്നത് യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാന്മാർ, സങ്കീ:1:2. മനസ്സ് ശൂന്യമാക്കുക എന്നത് ക്രിസ്തീയ പഠിപ്പിക്കൽ അല്ലാ മറിച്ച് പിശാചിന്റെ പഠിപ്പിക്കലാണ്. മൂന്നാമതായി മന്ത്രങ്ങൾ ഉരുവിടുന്നത് "യോഗ" എന്നത് അത് പഠിക്കുന്നവരും പരിശീലിക്കുന്നവരും "ഓം... ഓം" എന്നു ഉച്ചരിച്ചു കൊണ്ടിരിക്കണം, ഹിന്ദുമതത്തിലെ ദൈവത്തെ കുറിച്ച് അറിയുവാൻ ഉപയോഗിക്കുന്ന ഒരു മാത്രമാണ് ഈ 'ഓം" ഇത് നമുക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത ഒരു സംഗതിയാണ്. "ഓം"എന്ന പദം മാറ്റി യേശു എന്ന പേര് നാം വീണ്ടും വീണ്ടും പറഞ്ഞു ധ്യാനിക്കുവാൻ ഇത്തരക്കാർ പറയാറുണ്ട് എന്നാൽ തിരുവചനപ്രകാരം ഇത് സാദ്ധ്യമല്ല, ജാതികളുടെ ദേവന്മാരുടെ പേര് നമ്മുടെ നാവിന്മേൽ ഉച്ചരിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ട് യോഗയുടെ കാര്യത്തിൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണം. പിശാച് പല കാര്യങ്ങളും സഭയിലും സഭാജനത്തിന്റെ മദ്ധ്യേ കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ചുരുക്കത്തിൽ യോഗ ചെയ്യുന്നത് ഉപേക്ഷിക്കുക, സഭയിൽ പ്രോത്സാഹിപ്പിക്കാതെയിരിക്കുക.

ക്രിസ്തീയ ജീവിതത്തിനു വ്യക്തമായ ഒരു ലക്ഷ്യവും ലാക്കുമുണ്ട്. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കി കൊൾക എന്നാണ് എബ്രായ ലേഖകൻ പറയുന്നത്. എ ബ്രെ:12:2. ദൈവത്തിൽ അവസാനിക്കുന്ന ജീവിതമാണ് ക്രൈസ്തവ ജീവിതം. അതുകൊണ്ട് ജീ

07

# സ്നേഹപൂർവ്വം.....

## ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയിലെ ബഹുമാന്യരായ ശുശ്രൂഷകന്മാർക്കും സഭാവിശ്വാസികൾക്കും സ്നേഹവന്ദനം!



ദൈവദാസനും കുടുംബവും ക്ഷേമമായും സന്തോഷമായും ഇരിക്കുന്നുവെന്ന് കരുതട്ടെ. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ ഒരു ശുശ്രൂഷകനായി കർത്തൃവേലയിൽ ആയിരിക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയതിൽ ദൈവത്തെ സ്തുതിക്കുന്നു. ഒൻപത് പതിറ്റാണ്ട് മുമ്പ് ദൈവീക നിയോഗത്താൽ തുടക്കം കുറിച്ച ഈ ആത്മീയ പ്രസ്ഥാനത്തെ ദൈവം ഇത്രത്തോളം വളർത്തി. ഇപ്പോൾ ഇന്ത്യയിലും വിദേശത്തുമായി 48 സ്റ്റേറ്റ്/റീജിയനുകളിലായി എണ്ണായിരത്തിലധികം പ്രാദേശിക സഭകൾ ഐ.പി.സി.ക്കുണ്ട്. ദൈവദാസനെപ്പോലെയുള്ള നൂറുകണക്കിന് ദൈവദാസന്മാരുടെ നിസ്വാർത്ഥമായ സേവനങ്ങളും ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുമാണ് സഭയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് മുഖാന്തിരമായത്. ദൈവവചനത്തിന്റെ അടിത്തറയിൽ സ്ഥാപിക്കപ്പെട്ട ഈ ആത്മീയ പ്രസ്ഥാനം ഇനിയും വളരുവാനും ഉപദേശ സത്യത്തിൽ നിലനിൽക്കുവാനും ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ സീനിയർ ശുശ്രൂഷകന്മാരിൽ ഒരാളും കൊട്ടാരക്കര മേഖലാ പ്രസിഡന്റും പത്തനാപുരം സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ ഇ.സി. ജോർജിന്റെ മകനായി ജനിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. വിശ്വാസ വീടുകളുടെ (പാഴ്സനേജ്) ഇടുങ്ങിയ സാഹചര്യങ്ങളിൽ വളർന്ന എന്റെ കുട്ടിക്കാലം പട്ടിണിയുടേയും കഷ്ടപ്പാടുകളുടേതും ആയിരുന്നു. വിദ്യാഭ്യാസാനന്തരം അമേരിക്കയിലേക്ക് കുടിയേറി പാർക്കുവാനും അവിടെ ജോലിയോടൊപ്പം ആത്മീയ പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാനും ദൈവം സഹായിച്ചു. ബാല്യകാലത്ത് ഞാൻ അനുഭവിച്ച കണ്ണീരിന്റെ വില പിൽക്കാലത്ത് എന്റെ ആത്മീക പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനമായി. കഷ്ടതയുടെ കഠിന ശോധനയിലൂടെ കടന്നുപോയ അനേക ശുശ്രൂഷകന്മാർക്ക് ആശ്വാസത്തിന്റെ കരം നീട്ടുവാൻ എന്റെ ബാല്യകാല അനുഭവങ്ങൾ സഹായകരമായിട്ടുണ്ട്.

കഴിഞ്ഞ ഏഴ് വർഷത്തിലധികമായി സഭയുടെ വിവിധ ഔദ്യോഗിക തലങ്ങളിൽ പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. നാല് വർഷം കർണാടക സ്റ്റേറ്റ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. ഈ കാലയളവിൽ കർണ്ണാടകയിൽ ഐ.പി.സി അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുകയുണ്ടായി. ഗ്രാമസുവിശേഷീകരണത്തിന് പ്രാധാന്യം നൽകിയതുമൂലം തദ്ദേശീയരായ വിശ്വാസികൾ ഉള്ള നിരവധി സഭകൾ ഉടലെടുത്തു. വിവിധ പ്രവർത്തനങ്ങൾക്കായി കോടിക്കണക്കിന് രൂപ ഇവിടെ ചെലവഴിക്കുവാൻ ദൈവകൃപയാൽ കഴിഞ്ഞു. തുടർന്ന് കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി ജനറൽ ജോ. സെക്രട്ടറി, ആക്ടിംഗ് ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകി. ഈ കാലങ്ങളിൽ സഭയുടെ ആത്മീയ-ഭൗതിക തലങ്ങളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കൂട്ടായ നേതൃത്വത്തിന്റെ പരിശ്രമഫലമായി നമുക്ക് കഴിഞ്ഞു.

സഭാ സേവനത്തിനും ശുശ്രൂഷകൾക്കുമായി ഞാൻ കൂടുതൽ സമയം ഇന്ത്യയിൽ ചെലവഴിച്ചിട്ടുണ്ട്. എന്നിൽ നിക്ഷിപ്തമായ ഔദ്യോഗിക ചുമതലകൾ ഭംഗിയായി നിർവ്വഹിക്കാൻ കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം. ശുശ്രൂഷകൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കുമായി ഇന്ത്യയിലും വിദേശത്തുമായി നിരവധി യാത്രകൾ നടത്തി. യാത്രാചെലവ് ഇനത്തിൽ പോലും ആരോടും ഒരു രൂപയും വാങ്ങിയിട്ടില്ല. കൂടാതെ വിവിധ ആവശ്യങ്ങളുമായി ഓഫീസിൽ എത്തിയ അനേകർക്ക് (വിശ്വാസികൾക്കും ശുശ്രൂഷകന്മാർക്കും) ചെറുതും വലുതുമായ സഹായങ്ങൾ നൽകുവാൻ ദൈവം എന്റെ കരങ്ങളെ ബലപ്പെടുത്തി.

**ഭരണ തലത്തിൽ ചില പ്രതിസന്ധിയിലൂടെ സഭ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. പ്രശ്ന പരിഹാരത്തിനായി ദൈവദാസന്റെയും സഭയുടെയും വിലപ്പെട്ട പ്രാർത്ഥന ആവശ്യപ്പെടുന്നു.അതോടൊപ്പം നിങ്ങളുടെ അറിവിലേക്കായി ചില വസ്തുതകൾ കുറിക്കട്ടെ!**

സഭയ്ക്കും നേതൃത്വത്തിനും എതിരെ നിരവധി കേസുകൾ വിവിധ കോടതികളിൽ നടന്നു വരികയാണ്. ഈ കേസുകളിലെല്ലാം ഞാൻ പ്രതിയുമാണ്. പ്രതി എന്ന നിലയിൽ പ്രസ്തുത കേസുകൾക്ക് ചെലവായ പണം മുഴുവൻ സഭക്കുവേണ്ടി ഞാനാണ് നൽകിയിട്ടുള്ളത്. സഭാ ഫണ്ടിൽ നിന്നും ഒരു രൂപ പോലും ഇതുവരെ വാങ്ങിയിട്ടില്ല. പാവപ്പെട്ട ജനങ്ങൾ സുവിശേഷ പ്രവർത്തനങ്ങൾക്കായി നൽകുന്ന പണം കോടതി വ്യവഹാരങ്ങൾക്കായി ചെലവഴിക്കാൻ എന്റെ മനഃസാക്ഷി അനുവദിക്കുന്നില്ല. മറ്റ് ഭാരവാഹികൾ കേസിന്റെ ആവശ്യങ്ങൾക്കുവേണ്ടി ലക്ഷങ്ങൾ സഭാ ഫണ്ടിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ഐ.പി.സി. കേരള സ്റ്റേറ്റ്, ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് തിരുവല്ല മുൻസിഫ് കോടതിയിൽ രണ്ട് കേസുകൾ നടക്കുന്നുണ്ട്. ഞാൻ സഭക്കെതിരെ കേസുകൊടുത്തു എന്ന തരത്തിലുള്ള ധാരാളം പ്രചരണങ്ങൾ നടക്കുന്നുണ്ട്. എന്റെ അറിവോടും അനുമതിയോടും കൂടി ഒരു കേസും ഒരു കോടതിയിലും നൽകിയിട്ടില്ല. രണ്ടു കേസുകളിലും ഞാൻ പ്രതിയാണ്. എന്നാൽ പ്രസ്തുത കേസുകളുടെപേരിൽ എനിക്കെതിരെ അടിസ്ഥാനരഹിതമായി ആരോപണങ്ങൾ ഉന്നയിച്ച് എന്നെ അപകീർത്തപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. **സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ചിലരുടെ ഒത്താശയോടെ നടത്തുന്ന പ്രചരണങ്ങളെ വിശ്വാസ സമൂഹം അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയുമെന്നെനിക്കുറപ്പുണ്ട്. കേസുകളിലെ വാദികളുമായി എനിക്ക് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു ബന്ധവുമില്ലന്നകാര്യം ദൈവനാമത്തിൽ അറിയിക്കട്ടെ. എങ്കിലും കേസിന്റെ യഥാർത്ഥ വസ്തുത ദൈവദാസനെ അറിയിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.**

ആമല്ലൂർ സ്വദേശികളായ മർക്കോസ്, വിനോദ് എന്നിവർ വാദികളും ജനറൽ സെക്രട്ടറി എന്ന നിലയിൽ സഭക്കുവേണ്ടി ഞാൻ ഒന്നാം പ്രതിയും സ്റ്റേറ്റ് സെക്രട്ടറി ആയിരുന്ന പാസ്റ്റർ ഫിലിപ്പ് പി. തോമസ് രണ്ടാം പ്രതിയുമായുള്ളതാണ് ഒന്നാമത്തെ കേസ്. ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസ്ബിറ്ററിയുടെ അച്ചടക്ക നടപടിക്ക് വിധേയനായ കെ.പി. കുര്യനെയും അദ്ദേഹം ഉൾപ്പെടുന്ന ആമല്ലൂർ സഭയെയും തെരഞ്ഞെടുപ്പുകളിൽ പങ്കെടുപ്പിക്കുക, സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തി ഭരണഘടനാനുസൃതമായി നടത്തുക എന്നിവയായിരുന്നു വാദികളുടെ പ്രധാന ആവശ്യങ്ങൾ. കെ.പി. കുര്യനെയും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന സഭയെയും തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കരുതെന്നും എന്നാൽ തെരഞ്ഞെടുപ്പുകൾ ഭരണഘടനാനുസൃതം നടത്തണമെന്നും പ്രതികളായ ഞാനും പാസ്റ്റർ ഫിലിപ്പ് പി. തോമസും വ്യത്യസ്ത സത്യവാങ്മൂലങ്ങളിലൂടെ ബഹു. കോടതിയോട് ആവശ്യപ്പെട്ടു. ഞങ്ങളുടെ ആവശ്യം അംഗീകരിച്ച കോടതി കെ.പി. കുര്യനെയും അദ്ദേഹത്തോടൊപ്പം നിൽക്കുന്നവരേയും തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കണമെന്ന വാദികളുടെ ആവശ്യം തള്ളിക്കളഞ്ഞു. സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ്, ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തി മാത്രമേ നടത്താവൂ എന്ന് കോടതി താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് കേസിൽ കക്ഷിചേരുകയും വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ അപ്പീൽ തള്ളിക്കളഞ്ഞ കോടതി, ഭരണഘടനാനുസൃതം തെരഞ്ഞെടുപ്പു നടത്തുവാൻ ഉത്തരവിടുകയായിരുന്നു. ഈ വിധി തെറ്റായി വ്യഖ്യാനിച്ച് തിടുക്കത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ സ്റ്റേറ്റ് കൗൺസിലിൽ തീരുമാനിക്കുകയായിരുന്നു. തുടർന്ന് സ്റ്റേറ്റ് പ്രസിഡന്റ് എന്ന നിലയിൽ പാസ്റ്റർ കെ.സി. തോമസ് ജനറൽ ബോഡിക്ക് നോട്ടീസ് അയക്കുകയും ചെയ്തു. തെരഞ്ഞെടുപ്പുമായി മുന്നോട്ട് പോകുന്നതു മൂലം പ്രതിയായ എനിക്കെതിരെ കോടതി നടപടികൾ ഉണ്ടായേക്കുമെന്ന് നിയമ ഉപദേശം ലഭിച്ചതനുസരിച്ച് പാസ്റ്റർ കെ.സി. തോമസിന് ഞാൻ ഇ-മെയിൽ അയച്ചു. തെരഞ്ഞെടുപ്പ് നടത്തുന്നതു മൂലമുണ്ടാകുന്ന നിയമ നടപടികൾക്ക് ഞാൻ ഉത്തരവാദിയായിരിക്കില്ലെന്ന് അതിൽ സൂചിപ്പിച്ചിരുന്നു.

ബഹു. കോടതി ഉത്തരവ് മുഖവിലക്കെടുക്കാതെ തെരഞ്ഞെടുപ്പ് നടപടികളുമായി മുന്നോട്ട് പോയതുകൊണ്ട് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിന്റെ പേരിൽ വാദികൾ കോടതി അലക്ഷ്യ ഹർജ്ജി ഫയൽ ചെയ്തു. പ്രസ്തുത കേസിലെ പ്രതി എന്ന നിലയിൽ ഞാൻ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ജനറൽ കൗൺസിൽ തീരുമാനത്തിനോ ഭരണഘടനയ്ക്ക് വിരുദ്ധമായോ ഒന്നും എഴുതിയിട്ടില്ല. അങ്ങനെ ഉണ്ടെന്ന് തെളിയിച്ചാൽ എന്തു പ്രായശ്ചിത്തവും ചെയ്യുന്നതിന് ഞാൻ തയ്യാറാണെന്ന് ദൈവനാമത്തിൽ അറിയിക്കട്ടെ.

കൂടാതെ ഈ കേസുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസും വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാലയും കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലെ പല കാര്യങ്ങളും എന്നെ മാനസികമായി മുറിവേൽപ്പിച്ചു. ഞാൻ ജനറൽ കൗൺസിലിന്റെ മിനിട്സ് തിരുത്തി, മിനിട്സ് ബുക്കിലെ പേജുകൾ നശിപ്പിച്ചു, രേഖകൾ ഓഫീസിൽ നിന്നും കടത്തിക്കൊണ്ടുപോയി തുടങ്ങിയ ആരോപണങ്ങളാണ് എനിക്കെതിരെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ബുക്ക് വ്യാജമല്ലെന്ന് ബഹു. കോടതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കേസിന്റെ വാദം കോടതിയിൽ നടന്നു വരികയാണ്. പാസ്റ്റർ കെ.സി. തോമസിന്റെ അഭിഭാഷകന്റെ ആവശ്യപ്രകാരം ബഹു. കോടതി എന്നെ വിസ്തരിക്കുകയുണ്ടായി. ഞാൻ സഭയുടെ കോടികൾ അപഹരിച്ചെന്നും അതിനാൽ മറ്റുള്ളവർ എന്നെ ഒറ്റപ്പെടുത്തിയെന്നും മറ്റുമുള്ള വ്യാജങ്ങളാണ് പാസ്റ്റർ കെ.സി. തോമസിന്റെ അഭിഭാഷകൻ എനിക്കെതിരെ കോടതിയിൽ ഉന്നയിച്ചത്. എന്നെ കള്ളനാക്കാനുള്ള ഗൂഢ ശ്രമമാണ് നടന്നതെന്ന് ഞാൻ മനസിലാക്കുന്നു.

സുവിശേഷവേലയുടെ പേരിൽ കോടികൾ സമ്പാദിച്ച് അധികാര കസേരകളിൽ വിരാജിക്കുന്നവരുണ്ട്. എന്നാൽ ഒന്നുമില്ലായ്മയിൽ നിന്നും എന്നെ ഉയർത്തിയ ദൈവം എനിക്ക് നൽകിയ കോടിക്കണക്കിന് രൂപ സുവിശേഷ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുവാൻ കഴിഞ്ഞതിൽ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. ഒന്നും എന്റെ പുകഴ്ചക്കും മാനത്തിനും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും വേണ്ടിയായിരുന്നില്ല. ആത്മാക്കളുടെ വിടുതലും വേദനിക്കുന്നവരുടെ ആശ്വസവുമായിരുന്നു എന്റെ ലക്ഷ്യം. എന്നെ അടുത്തറിയുന്ന ദൈവദാസനെപ്പോലെയുള്ള നൂറുകണക്കിന് ശുശ്രൂഷകന്മാരും വിശ്വാസ സമൂഹവും എനിക്ക് ധൈര്യം പകരുന്നു.

ഐ.പി.സി. ജനറൽ കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ കേസ്. കേരളത്തിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നിയമവിരുദ്ധമാണെന്നും അതിനാൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. തിരുവല്ല മുൻസിഫ് കോടതിയിലാണ് കേസ് നൽകിയത്. കേരളാ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് വിജ്ഞാപന പ്രകാരം 23 ജനറൽ കൗൺസിൽ അംഗങ്ങളെയാണ് തെരഞ്ഞെടുത്തത്. എന്നാൽ ജൂൺ 8 ന് കൂടിയ ജനറൽ കൗൺസിൽ തീരുമാന പ്രകാരം കേരളത്തിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 27 ആയി വർദ്ധിപ്പിക്കുകയും അത്രയും അംഗങ്ങളെ തെരഞ്ഞെടുത്ത് അയക്കണമെന്ന് സ്റ്റേറ്റ് കൗൺസിലിനോട് ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാൻ രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ജനറൽ കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനെതിരെ കെ.എം. ഡാനിയേൽ, ജോജി ജോസഫ് എന്നിവർ നൽകിയ ഹർജി പരിഗണിച്ച കോടതി ആഗസ്റ്റ് 10 ന് നടന്ന തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം താത്ക്കാലികമായി തടഞ്ഞിരുന്നു. തുടർന്ന് 29 ന് വോട്ട് എണ്ണുന്നതിന് കോടതി വിധി ഉണ്ടാവുകയും തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുകയും ചെയ്തു.

ആഗസ്റ്റ് 10 ന് നടന്ന ജനറൽ ബോഡിക്കു ശേഷം ബഹു. ജനറൽ പ്രസിഡന്റ് **പാസ്റ്റർ ജേക്കബ് ജോൺ പ്രസിദ്ധീകരിച്ച കത്തിൽ എന്നെപ്പറ്റിയുള്ള ചില പരാമർശങ്ങൾ ഉണ്ട്. അതിനുകൂടി വിശദീകരണം ആവശ്യമാണെന്ന് കരുതുന്നു.**

കോടതിയിൽ ഹാജരാക്കാൻ രേഖകൾ നൽകണമെന്ന് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ആഗസ്റ്റ് 11 ന് എന്നോട് ആവശ്യപ്പെട്ടു. പീച്ചിമാസ്റ്ററുടെ മകന്റെ സംസ്കാര ശുശ്രൂഷയ്ക്കായി ബാംഗ്ലൂരേക്കുള്ള യാത്രയിൽ ആയതിനാൽ അടുത്ത ദിവസം മടങ്ങി വരുമ്പോൾ രേഖകൾ നൽകാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ ഇന്നു തന്നെ നൽകിയില്ലെങ്കിൽ ബലമായി ഓഫീസിൽ നിന്നും രേഖകൾ എടുക്കുമെന്ന് അദ്ദേഹം ശഠിച്ചു. ഉചിതമായി ചെയ്തുകൊള്ളാൻ ഞാൻ അദ്ദേഹത്തോട് സ്നേഹപൂർവ്വം മറുപടി പറഞ്ഞു.

എന്നാൽ വൈകിട്ട് ചിലരോടൊപ്പം ഓഫീസിൽ എത്തിയ പാസ്റ്റർ ജേക്കബ് ജോൺ എന്റെ അറിവോ അനുവാദമോ കൂടാതെ മുറി പരിശോധിക്കുകയും അലമാര തുറക്കാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് ആരും ഓഫീസിൽ കയറരുതെന്നും രേഖകൾ സംരക്ഷിക്കേണ്ടത് എന്റെ ചുമതലായമെന്നും പറഞ്ഞ് ഓഫീസ് മറ്റൊരു താഴ് ഉപയോഗിച്ച് പൂട്ടുകയായിരുന്നു. ഐ.പി.സി. ഭരണഘടന പ്രകാരം (ആർട്ടിക്കിൾ 8 വകുപ്പ് 3 (1) രേഖകളുടെ സൂക്ഷിപ്പുകാരൻ ജനറൽ സെക്രട്ടറിയാണെന്ന തിരിച്ചറിവ് ഇല്ലാത്തതാണ് ഇത്തരം നടപടികൾക്ക് കാരണമെന്ന് കരുതുന്നു. കഴിഞ്ഞ ഒന്നരവർഷത്തിലധികമായി ആക്ടിംഗ് സെക്രട്ടറി എന്ന നിലയിൽ എല്ലാ രേഖകളും എന്റെ പക്കൽ സുരക്ഷിതമായിരുന്നു എന്ന കാര്യം മന:പൂർവ്വം മറന്നു കളഞ്ഞു.

കൂടാതെ നിലവിലുള്ള ഭരണ സമിതി പിരിച്ചുവിട്ടെന്നും ജനറൽ പ്രസിഡന്റ് ഒഴികെ മറ്റാർക്കും ഭാരവാഹിത്വം ഇല്ലെന്നും മറ്റുമുള്ള പരാമർശങ്ങൾ അദ്ദേഹത്തിന്റെ കത്തിലുണ്ട്. ഇത് തികച്ചും തെറ്റാണ്. ഭരണഘടനയും കീഴ് വഴക്കവും അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ സമിതി ചുമതല ഏറ്റെടുക്കുന്നതുവരെ നിലവിലുള്ള ഭരണ സമിതിക്ക് തുടരാവുന്നതാണ്. പുതിയ ഭരണ സമിതി നിലവിൽ വരുമ്പോൾ സന്തോഷത്തോടെ ചുമതലകൾ കൈമാറാൻ ഞാൻ തയ്യാറായിരിക്കുകയാണ്. ചിലരെ പോലെ അധികാര കസേരയോടുള്ള ഭ്രമം ഒരിക്കലും എന്നെ ഭരിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ ഔദ്യോഗിക സ്ഥാനത്ത് തുടരാൻ അവസരം ഉണ്ടായിട്ടും ഒഴിഞ്ഞു നിൽക്കാൻ തീരുമാനിച്ചത്.

ഐപിസി യുടെ സാധുവായ ഐഡി കാർഡ് എന്റെ പക്കൽ ഉണ്ടായിരുന്നു. നാമനിർദ്ദേശ പത്രികയുടെ സൂഷ്മ പരിശോധനയിൽ അത് ഹാജരാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ അവസരം നൽകുകയും ചെയ്തു. എന്നാൽ അതിന് ശ്രമിക്കാതിരുന്നത് ചിലരുടെ കപട മുഖം തിരിച്ചറിഞ്ഞതുകൊണ്ടാണ്. ദൈവസഭയെ തരംതാഴ്ന്ന രാഷ്ട്രീയ കളികൾക്ക് ഉപയോഗിക്കാൻ എനിക്ക് താൽപര്യമില്ല. സഭയുടെ ഭരണ തലങ്ങളിൽ നടക്കുന്ന കാര്യങ്ങളുടെ യഥാർത്ഥ വസ്തുത ശുശ്രൂഷകരും വിശ്വാസികളും അറിയണമെന്നുള്ളതുകൊണ്ടാണ് മനസോടെ അല്ലെങ്കിലും ഇങ്ങനെ ഒരു കത്തെഴുതുന്നത്. ഇതിൽ പരാമർശിക്കുന്ന എല്ലാ കാര്യങ്ങളും ദൈവസന്നിധിയിൽ സത്യവും എന്റെ മനസാക്ഷിയോട് കൂറു പുലർത്തുന്നതുമാണ്.

കഴിഞ്ഞ കാലങ്ങളിൽ എനിക്ക് ശുശ്രൂഷകൾക്ക് അവസരം നൽകുകയും പ്രോത്സാഹനവും പിന്തുണയും നൽകുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടും ദൈവനാമത്തിൽ നിസ്സീമമായ നന്ദി അറിയിക്കുന്നു. തുടർന്നും ആത്മീയ ശുശ്രൂഷകൾക്ക് പ്രാധാന്യം നൽകി കൂടുതൽ സമയം ഇന്ത്യയിൽ ചിലവഴിക്കാനാണ് താൽപര്യപ്പെടുന്നത്. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. ദൈവരാജ്യ വ്യാപ്തിക്കായി ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ദൈവദാസനേയും കുടുംബത്തേയും ദൈവം അനുഗ്രഹിക്കട്ടെ. അരുമനാഥന്റെ വരവിനായി വിശുദ്ധിയെ തികച്ച് പ്രത്യാശയോടെ കാത്തിരിക്കാം.

**സ്നേഹാദരങ്ങളോടെ,**
**നിങ്ങളുടെ സഹോദരൻ**

**പാസ്റ്റർ സാം ജോർജ്**
ഫോൺ 9961440093.

**ADVT.**

ലേഖനം

# അൽപ്പനും നിന്ദിതനും?



പാസ്റ്റർ ജോൺസൺ സഖറിയ
ഡാളസ്സ്

സമീപ കാലങ്ങളിൽ സംബന്ധിച്ച ചില പൊതു സമ്മേളനങ്ങളിലെ അനുഭവങ്ങൾ പങ്കുകൊണ്ട അനേകർക്കും അത്ര തൃപ്തികരമായിരുന്നില്ല. എങ്കിലും അവയെല്ലാം സഹിച്ചുകൊണ്ട് സമാധാനകാംക്ഷികളായി നിന്നു. അതി ന്റെ അർത്ഥം മാന്യതയുടെയും ആത്മീയതയുടെയും സീമകൾ ലംഘിച്ചവയെ അംഗീകരിച്ചുയെന്നല്ല. ബൈബിൾ കയ്യിൽ എടുത്തുകൊണ്ട് നടക്കുന്നതു ദൈവമക്കൾക്കു എന്നും അഭിമാനം തന്നെ. ഈ "പുസ്തകം" കയ്യിൽ എടുത്തതിനു ശേഷമുള്ള നന്മയല്ലാതെ മറ്റെന്താണു നമ്മിൽ അനേകരുടെയും കൈമുതൽ? എന്നാൽ വലിപ്പം ഭാവിക്കുന്ന ചില 'അൽപ്പന്മാർ' തങ്ങളുടെ ബൈബിൾ ചുമക്കുവാൻ ചുമട്ടുതൊഴിലാളികളെ ആക്കി വച്ചിരിക്കുന്നതു കണ്ടപ്പോൾ സുന്ദരമെന്ന ദേവാലയത്തിന്റെ വാതിക്കൽ ഇരുത്തുവാൻ മുടന്തനെ ചുമക്കുന്ന ചുമട്ടുകാരെയാണ് ഓർത്തുപോയത്. പ്രസംഗകരായി വിളിക്കപ്പെട്ട പ്രസംഗകർ, അവരിൽ പലരും വേദിയിലേക്കു ആനയിക്കപ്പെടുമ്പോൾ അവർ ദൈവത്തിന്റെ ദാസന്മാരല്ല, മറ്റാരോ ആണോയെന്നു തോന്നൽ അവരിൽ ഉണ്ടാകുന്നുണ്ടോ എന്നു സദസ്സിൽ ഇരിക്കുന്നവർ തമ്മിൽ സംസാരിക്കുന്നതായി കേൾക്കുന്നു.

മുടന്തനെ ചുമക്കുന്നവർക്കും മുടന്തൻ തനിക്കു ലഭിക്കുന്നതിൽ നിന്നും ഒരു വീതം കൊടുക്കുന്നുണ്ടെന്നുള്ളതാണ് ജനസംസാരം. അതു വേണമല്ലോ, അല്ലെങ്കിൽ എന്താണു സംഭവിക്കുന്നത് എന്നും നമുക്കു ഊഹിക്കാം. സംഘാടകർ ഒരു കാര്യം മനസ്സിലാക്കണം ദൈവവചനം കയ്യിലേന്തി പ്രസംഗവേദിയിൽ വരുവാൻ മടിക്കുന്ന പ്രഭാഷകൻ എത്ര മിടുക്കനായാലും അങ്ങനെയുള്ളവരെ ഒഴിവാക്കാനുള്ള ആത്മീക ധൈര്യം സംഘാടകർക്കുണ്ടാകണം. ഇന്നു വലിപ്പത്തിലുള്ള ബൈബിൾ സുലഭമാണ്. അനേകരും അത്യാവശ്യം വന്നാൽ കീശയിൽ തിരുകാൻ പറ്റിയ പുസ്തകവുമാണ് ഉപയോഗിക്കുന്നത്. ഇത് ചുമക്കാൻ ഈ കണ്ട തൊഴിലാളി ചുമട്ടുകാരെ ഏല്പിക്കുന്നതു അവർക്കു ബൈ ബിളിനോടുള്ള വിരക്തിയെയല്ലേ വിളിച്ചു പറയുന്നത്? ബൈബിൾ എടുക്കുവാൻ മടിക്കുന്നവർ ബൈബിൾ സൂക്തങ്ങൾ വാതോരാതെ പറയുന്നതിന്റെ ലക്ഷ്യം ഒന്നേയുള്ളൂ "ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം...." പ്രഭാഷകരെ, സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം നമുക്കു ലഭിച്ചതു തന്നെ എത്രയോ അനുഗ്രഹമാണ്. അതു നമുക്കു തന്നെ ചുമക്കാം. അല്ലെങ്കിൽ വായടയ്ക്കു.

ആരാധനയെ അലങ്കോലപ്പെടുത്തുന്ന കുട്ടികളെ നാം നിയന്ത്രിക്കാറുണ്ട്. പ്രായമുള്ളവർ അലങ്കോലങ്ങൾ ഉണ്ടാക്കിയാൽ അവരെ നിയന്ത്രിക്കുവാൻ വളരെയധികം യത്നിക്കേണം. എന്നാൽ ചില പ്രധാനികൾ വരുത്തി വയ്ക്കുന്ന വിനകൾ തികച്ചും അസഹനീയമാണ്. നിങ്ങൾ കണ്ടിട്ടില്ലേ- ആരാധന മദ്ധ്യേ, അതിന്റെ എല്ലാ ഏകാഗ്രതയേയും ഹനിച്ചുകൊണ്ട് അവിടെ നടക്കുന്ന ആത്മീക ശുശ്രൂഷകളേയും ശുശ്രൂഷകന്മാരേയും അവഗണിച്ചുകൊണ്ട് കയറിവരുന്ന മുഖ്യ പ്രഭാഷകൻ സദസ്സിലിരിക്കുന്ന പലരോടും കുശലം പറയുകയും കരങ്ങൾ കൊടുക്കുകയും അങ്ങനെ മറ്റുപലതും. സംഘാടകർക്കു തോന്നിയിട്ടുണ്ടോ ഈ പെരുമാറ്റം യോഗ്യമല്ലെന്ന്. എങ്കിൽ അവരെ അതു ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ?

ലോകത്തിലെ പ്രധാനികൾക്കു മറ്റുള്ളവരെക്കാൾ ചില പ്രത്യേക നിയമങ്ങളോ വ്യവസ്ഥകളോ (PROTOCOL) അവരുടെ സുരക്ഷിതത്വത്തിനായി ക്രമീകരിച്ചിട്ടുണ്ട്. അങ്ങനെയുള്ളവർ പൊതു പരിപാടികളിൽ സംബന്ധിക്കുമ്പോൾ നി ശ്ചിത സമയത്തു വന്നുപോകുന്നതു കണ്ടുകൊണ്ട് ഞാൻ മറ്റുള്ള എല്ലാവരേക്കാളും പ്രധാനിയാണെന്നു കാണിക്കുവാൻ ഇടക്കു കയറിവന്നാൽ ഉള്ള ബഹുമാനവും കൂടെ നഷ്ടപ്പെടുകയാണെന്നു ഇനി എന്നാണവോ മനസ്സിലാക്കുന്നത്. ഇപ്പോഴത്തെ പല കോൺഫറൻസും അതിൽ സംബന്ധിക്കുന്നവരുടെ താമസവും ഒരു കെട്ടിടത്തിൽ തന്നെയാണല്ലോ. സംഘാടകരുടെ ചെലവിൽ താമസിക്കുന്ന പ്രഭാഷകർ ആദിയോടന്തം ആരാധനയിൽ സംബന്ധിക്കേണ്ടതല്ലേ. ഏതെങ്കിലും ഗൗരവമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരെ നമുക്കു ഒഴിവാക്കാം. മറ്റുള്ളവർ എങ്കിലും ആരാധനയേയും ശുശ്രൂഷകളേയും അലങ്കോലപ്പെടുത്താതെ മീറ്റിംഗിൽ സംബന്ധിക്കണമെന്നുള്ള ഒരു വ്യവ സ്ഥ (PROTOCOL) സംഘാടകർ ഇവരെ അറിയിക്കേണ്ടതാണ്. ഏ തായാലും നമ്മുടെ പ്രസ്ഥാനത്തി നു വെളിയിലുള്ള ആരേയും ഭയപ്പെടത്തക്കവണ്ണമുള്ള പ്രധാനികൾ ആരും നമ്മുടെ ഇടയിൽ ഇല്ല. മഹാൻ ആകുവാൻ ഇതൊന്നും പ്രയോജനപ്പെടുന്നതുമില്ല. ഇങ്ങനെയുള്ളവർ ഒന്നു ചിന്തിച്ചു നോക്കൂ, എത്ര നാളായി ഒരു ആരാധനയിൽ ആദിയോടന്തം സംബന്ധിച്ചിട്ട്? സഹശുശ്രൂഷകന്റെ ശുശ്രൂഷകളെ പ്രോത്സാഹിപ്പിച്ചിട്ട്.

"ഡോക്ടർ ചാർജ്ജെടുത്തു" എന്ന തലവാചകം പത്രത്തിൽ കണ്ടപ്പോൾ ആദ്യം ചിന്തിച്ചതു മനുഷ്യരെയോ മൃഗങ്ങളെയോ ചികിത്സിക്കുന്ന ആശുപത്രിയെകുറിച്ചാണ്. എന്നാൽ തുടർന്നു വായിച്ചപ്പോഴാണ് മനസ്സിലായതു ഡോക്ടർ ചാർജ്ജെടുത്തതു സഭയിൽ ആണെന്നു! വിദ്യാഭ്യാസത്തെ ഒട്ടും നിസ്സാരമായി കാണുന്നില്ല. ബിരുദാനന്തര ബിരുദങ്ങൾ നേടിയവരെ അനുമോദിക്കുന്നു. അങ്ങനെയുള്ളവർ നമ്മുടെ ഇടയിൽ ഏറിവരട്ടെ. അവരെ നമ്മൾ ബഹുമാനിക്കണം. എന്നാൽ ദൈവത്തിന്റെ സഭയുടെ ചുമതലയിൽ കടന്നുവരേണ്ടതു ദൈവനിയോഗമുള്ള ദൈവദാസന്മാരാണ്. അവർക്കു ഉന്നത വിദ്യാഭ്യാസ നിലവാരമുണ്ടെങ്കിൽ അതു ഈ കാലഘട്ടത്തിൽ യോജിച്ചതുമാണ്. എന്നാൽ അവരെ പരിചയപ്പെടുത്തേണ്ടതു അവരുടെ വിദ്യാഭ്യാസ യോഗ്യതെക്കാളും അവരിൽ വ്യാപരിക്കുന്ന ദൈവകൃപയുടെ അടിസ്ഥാനത്തിലാണ്. "...സഭയുടെ ദൂതനു എഴുതുക" എന്ന പരിശുദ്ധാത്മാവിന്റെ ദൂതുമാറ്റി സഭയുടെ ഡോക്ടർക്കു എഴുതുക എന്നു പരിശുദ്ധാത്മാവ് പറയുമോ?.

ഖേദകരമായ മറ്റൊന്നു, വ്യാജ ബിരുദങ്ങളുമായി നമ്മുടെ ഇയിൽ കറങ്ങുന്ന ഡോക്ടർമാരാണ്. സർവ്വകലാശാലകളിൽ നിന്ന് വ്യവസ്ഥാപിതമായിട്ടുള്ള പദവികളും ബിരുദങ്ങളും നേടിയവർക്കുപോലും അപമാനം വരുത്തുന്ന ഈ വ്യാജന്മാരെ നാം നമ്മുടെ വേദികളിൽ അർഹതയില്ലാത്ത അവതരണങ്ങളിൽ കൂടെ പരിചയപ്പെടുത്തിയവർ പോലും അവരെ പരിഹസിക്കുന്നതു കേൾക്കുമ്പോൾ ലജ്ജ തോന്നാറുണ്ട്. വ്യാജം മാത്രമല്ല വ്യാജഭാവം പോലും പാടില്ലായെന്നുള്ള ബൈബിളും കയ്യിൽ പിടിച്ചുകൊണ്ട് നടക്കുന്നവർ ഒന്നു ചിന്തിച്ചു നോക്കിക്കേ. നിങ്ങളുടെ പേരിനു മുന്നിൽ കാണുന്ന "ഡോ" തുടർന്നുകൊണ്ട് നടക്കുന്നതു ശരിയാണോ? ഇക്കാലത്തു ആർക്കും "ഡോ" വാങ്ങിക്കുവാൻ കിട്ടുമെന്നുള്ളതു ആർക്കാണ് അറിയുവാൻ കഴിയാത്തത്. പഠിച്ചവരും അർഹതയുള്ളവരും അതു പേരിനോടൊപ്പം സൂക്ഷിക്കട്ടെ. എങ്ങനെയായാലും ആത്മീക ശുശ്രൂഷകൾക്കു റവയും ഡോയും അത്യാവശ്യമല്ല, എന്നാൽ ദൈവകൃപ അത്യാവശ്യമാണ്.

ഐഫോണും, ഐപ്പാഡും കയ്യിൽ ഇരിക്കട്ടെ. എന്നാൽ വേദപുസ്തകം മാറ്റിവയ്ക്കരുത്. കാരണം ഫോണിലും, ഐപ്പാഡിലും ലോകം മുഴുവൻ ഉണ്ട്. ബൈബിളിൽ ബൈബിൾ മാത്രമെയുള്ളൂ. അതാണു നമ്മുടെ 'കണ്ണാടി' മാത്രമല്ല വിളക്കും.

വീക്ഷണം

# ഏകീകൃത സിവിൽ കോഡ്: വിശ്വാസിയും ചില ആശങ്കകളും



റോബിൻ ശാമുവേൽ,
തുവയൂർ

ജോർജുക്കുട്ടിച്ചായനും ശങ്കരൻ ചേട്ടനും ഹെൽമറ്റൊന്നുമില്ലാതെ സ്കൂട്ടറോടിച്ച് വരുമ്പോഴാണ് പോലീസ് ചെക്കിംഗ്. ഇരുവരെയും പോലീസ് കൈയ്യോടെ പിടികൂടി. ഹെൽമറ്റ് വെക്കാതെ യാത്ര ചെയ്തതിന് ഇരുവർക്കും പെറ്റി എഴുതിക്കൊണ്ടിരിക്കുമ്പോഴതാ ഗുൽവീന്ദർ സിംഗ് ഹെൽമറ്റൊന്നുമില്ലാതെ തന്റെ ബൈക്കിൽ പാഞ്ഞുവരുന്നു. "ങാ അടുത്താളും വരുന്നുണ്ട് സാർ" ഒരാളെക്കൂടി തങ്ങൾക്കൊപ്പം പിടിക്കാൻ പോകുന്നതിന്റെ സന്തോഷത്തിൽ ജോർജുകുട്ടിച്ചായൻ ആവേശഭരിതനായി. പക്ഷെ എസ്. ഐ. ഗുൽവീന്ദറിനെ കണ്ടഭാവം പോലും നടിച്ചില്ല. ഗുൽവീന്ദർസിംഗാകട്ടെ ഒരു കൂസലുമില്ലാതെ തന്റെ ബൈക്കോടിച്ചു പോവുകയും ചെയ്തു. ശങ്കരൻ ചേട്ടനും ജോർജുകുട്ടിച്ചായനും പരസ്പരം ഒന്നു നോക്കി. ശങ്കരൻ ചേട്ടന്റെ അമർഷം അണപൊട്ടി. "അതെന്താണു സാർ നിയമം എല്ലാവർക്കും ഒരുപോലല്ലേ. ദേ ആ പോയവനെന്താ കൊമ്പുണ്ടോ?". പക്ഷേ പോലീസുകാരനെന്തൊക്കയോ കുത്തിക്കുറിക്കുകയാണ്. ജോർജുകുട്ടിച്ചായനും സഹികെട്ടു. "അല്ലേല്ലും ഇവിടെ നിയമോം നീതിയുമില്ലേ". അച്ചായന്റെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് തല ഉയർത്തി നോക്കിയ എസ്. ഐ. ഇത്തിരി ഗൗരവത്തിലാണ് മറുപടി പറഞ്ഞത്. "ങാ ഇപ്പോ ഇവിടുത്തെ നിയമം ഇങ്ങനെയൊക്കെയാ: ഇത് മാറണമെങ്കിൽ ഇനി ഏകീകൃത സിവിൽ കോഡുവരണം". ജോർജുകുട്ടിച്ചായനും ശങ്കരൻ ചേട്ടനും കാര്യം മനസ്സിലാകാതെ പരസ്പരം നോക്കി നിന്നു.

ഇരുചക്രവാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാണെങ്കിലും സിഖ് മത വിശ്വാസികൾക്ക് ആചാരത്തിന്റെ ഭാഗമായി തലയിൽ കെട്ട് ഉള്ളതിനാൽ 'ഹെൽമറ്റ്' ധരിക്കുന്നതിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടുണ്ട്. ഈ കാരണത്താലാണ് മുകളിൽ പറഞ്ഞു ഗുൽവീന്ദറിന് പോലീസുകാർ പിഴയിടാതിരുന്നത്. അതായത് ഏകീകൃതമായ ഒരു നിയമവ്യവസ്ഥയല്ല ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലുള്ളത്. മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ പല നിയമങ്ങളിലും വ്യത്യസ്തത ഒഴിവാക്കി രാജ്യത്തെ മുഴുവൻ പൗരന്മാർക്കും ജാതിമത പരിഗണനകളില്ലാതെ ഒരുപോലെ ബാധകമായ നിയമനിർമ്മാണമാണ് കേന്ദ്രസർക്കാർ ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ (ഏകീകൃത സിവിൽ കോഡ്) സാധ്യത പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന് ജസ്റ്റിസ് ബി. എസ്. ചൗഹാൻ അദ്ധ്യക്ഷനായ നിയമ കമ്മീഷനോട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കയാണ്. കേന്ദ്രം ഭരിക്കുന്നത് ആർ. എസ്. എസ് പിന്തുണയുള്ള ബി. ജെ. പിയാണ് എന്നതുകൊണ്ടും ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതിനാലും സർക്കാരിന്റെ ഉദ്ദേശ ശുദ്ധി ചോദ്യം ചെയ്യപ്പെട്ടു കഴിഞ്ഞു. മുസ്ലീം ലീഗ് അടക്കം നിരവധി സംഘടനകൾ സർക്കാർ നീക്കത്തിനെതിരെ രംഗത്ത് വന്നിട്ടുണ്ട്. ക്രിസ്ത്യൻ സഭകളിൽ നിന്നും വ്യത്യസ്ത തരത്തിലാണ് പ്രതികരണങ്ങൾ ഉണ്ടായിട്ടുള്ളത്. മാർ ആലഞ്ചരി സർക്കാർ നീക്കത്തെ പിന്തുണച്ചപ്പോൾ മാർത്തോമ്മ മെത്രാപ്പോലീത്ത സർക്കാർ നീക്കത്തിൽ ആശങ്ക രേഖപ്പെടുത്തുകയാണുണ്ടായത്.

വിവാഹം, മരണം, വിവാഹമോചനം, പിന്തുടർച്ചവകാശം തുടങ്ങിയവയുമായി ബന്ധപ്പെട്ട് മതത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിയമങ്ങളാണ് നിലവിലുള്ളത്. (വ്യക്തിനിയമങ്ങൾ). നിലവിലുള്ള നിയമങ്ങളിലെ ചില വ്യത്യസ്തതകൾ ചുവടെ ചേർക്കുന്നു.

* ഹിന്ദു, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഏകഭാര്യത്വം അനുവദിക്കുന്ന നിയമം ഇസ്ലാം മതവിശ്വാസികൾക്ക് നാല് ഭാര്യമാർ വരെ അനുവദനീയമാക്കിയിരിക്കുന്നു.

* മുസ്ലീങ്ങൾക്ക് ഒരു കാരണവുമില്ലാതെയും നിസാര കാരണങ്ങൾക്കും 'മുത്തലാക്ക്' വഴി വിവാഹ മോചനം നടത്താം. അതായത് മൂന്ന് തവണ മൊഴി ചൊല്ലിയിരിക്കുന്നു എന്ന് പറയുകയോ കത്തെഴുതുകയോ ഫോൺവിളിക്കുകയോ ചെയ്താൽ അതോടെ തീർന്നു ആ വിവാഹ ബന്ധം.

* ഹിന്ദു പിന്തുടർച്ചവകാശ നിയമപ്രകാരം സ്വത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശമാണുള്ളത്. എന്നാൽ ഇസ്ലാം മതത്തിൽ പുരുഷനു ലഭിക്കുന്നതിന്റെ പകുതിക്കു മാത്രമേ സ്ത്രീകൾക്കർഹതയുള്ളൂ. ഉദാഹരണത്തിന് ഭാര്യ മരണപ്പെട്ടാൽ അവർക്കുണ്ടായിരുന്ന മുഴുവൻ സ്വത്തിനും ഭർത്താവ് അവകാശിയാണ്. എന്നാൽ ഭർത്താവ് മരണപ്പെട്ടാൽ അയാൾക്കുണ്ടായിരുന്ന സ്വത്തിൽ പകുതിഭാഗം മാത്രമേ തന്റെ ഭാര്യയ്ക്ക് അർഹതയുള്ളൂ.

* സിഖ് മതവിശ്വാസികൾക്ക് ഹെൽമറ്റ് ധരിക്കുന്നതിനുൾപ്പെടെ നിരവധി ഇളവുകൾ.

* ഹിന്ദുക്കൾ ഒഴികെയുള്ള മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് കുട്ടികളെ ദത്തെടുക്കുകയാണെങ്കിൽ കുട്ടികളുടെ രക്ഷാകർത്തൃത്വം മാത്രമാണ് ലഭിക്കുന്നത്. ദത്തെടുക്കപ്പെടുന്നവർക്ക് സ്വത്തിൽ യാതൊരവകാശവും ലഭിക്കയില്ല.

* ഇസ്ലാം മതത്തിൽ ദത്തെടുക്കൽ നിഷിദ്ധം.

* മറ്റു മതസ്ഥർക്ക് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം വിവാഹമോചനം അനുവദിക്കുമ്പോൾ ക്രിസ്ത്യാനികൾക്ക് ഇത് രണ്ടുവർഷമാണ്. ഇതുപോലെ ക്രിസ്ത്യൻ വിഭാഗത്തിൽ ഭർത്താവിന് ഭാര്യയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിന് ഭാര്യ വ്യഭിചരിച്ചുവെന്ന് തെളിയിക്കണം. ഭാര്യയ്ക്ക് ഭർത്താവിൽ നിന്നാണ് വിവാഹമോചനം വേണ്ടതെങ്കിൽ ഭർത്താവ് വ്യഭിചരിച്ചുവെന്നതിനു പുറമേ ക്രൂരത, മൃഗതുല്യത എന്നിവയിലൊരു കുറ്റം തെളിയിക്കണം.

ഇത്തരത്തിൽ വൈവിധ്യങ്ങളുടെ ഒരു കൂമ്പാരമാണ് നമ്മുടെ രാജ്യത്തിന് നിലവിലുള്ള വ്യക്തിനിയമങ്ങൾ. ഈ കാരണത്താൽ ഉണ്ടായിട്ടുള്ള കോടതി ഇടപെടലുകളും അനവധിയാണ്. വ്യക്തിനിയമങ്ങളിലെ ഐക്യരൂപാമില്ലായ്മകാരണം ഏകീകൃത സിവിൽ കോഡിനനുകൂലമായ സമീപനമായിരുന്നു വിവിധ കേസുകളിൽ സുപ്രീം കോടതി സ്വീകരിച്ചിരുന്നത്. എന്നാൽ സർക്കാരിനെ ഇക്കാര്യത്തിൽ നിർബന്ധിക്കാൻ കോടതി തയ്യാറായിട്ടില്ലെന്നതും എടുത്തുപറയേണ്ട വസ്തുതയാണ്.

**ഏകീകൃത സിവിൽകോഡ് വരുമ്പോൾ**

രാജ്യത്തെ ജാതി മത വൈവിധ്യം കാരണമാകണം ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് ഏകീകൃത സിവിൽ കോഡ് മടപ്പിലാക്കുന്നതിനെപ്പറ്റി പറഞ്ഞിരിക്കുന്നത്. നിർദ്ദേശക തത്വങ്ങൾ നിർബന്ധമായും നടപ്പിലാക്കേണ്ടവയല്ലായെങ്കിലും ഗോവ സംസ്ഥാനം ഇതിനോടകം ഏക സിവിൽ കോഡ് നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്ത് ഏക സിവിൽ കോഡ് നടപ്പിലാക്കുക എന്നതിലും പ്രധാനമായും വിവാഹം, വിവാഹമോചനം, സ്വത്ത്, അനന്തരവകാശം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങളുടെ ഏകീകരണമാണ് ലക്ഷ്യമിടുന്നത്. വിവിധ മതങ്ങളിൽ നിലനില്ക്കുന്ന ലിംഗപരമായ അസമത്വവും തടയപ്പെടും എന്നതാണ് സിവിൽ കോഡിന്റെ പ്രധാന നേട്ടമായി ചൂണ്ടിക്കാട്ടപ്പെടുന്നത്. സ്വത്ത് വീതം വെക്കുന്നതിൽ തുല്യ അവകാശം തുടങ്ങി മുത്തലാക്ക് എന്ന പ്രാകൃത വിവാഹമോചന രീതി അവസാനിപ്പിക്കാൻ വരെ ഏക സിവിൽ കോഡ് സഹായിക്കും. കൂടാതെ ദത്തെടുക്കൽ, വിവാഹം തുടങ്ങിയവയിലെല്ലാം പുരോഗമനപരമായ നിയമനിർമ്മാണം സാധ്യമാകുമെന്നും ഏക സിവിൽ കോഡിനെ അനുകൂലിക്കുന്നവർ പറയുന്നു. ഭരണഘടനയിലെ 14-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും നിയമത്തിനു മുമ്പിൽ തുല്യനീതി ഉറപ്പുവരുത്താൻ ഏക സിവിൽ കോഡിനു കഴിയും. അതുപോലെ ജാതിയുടെയും മതത്തിന്റെയും വംശത്തിന്റെയും ജനിച്ച പ്രദേശത്തിന്റെ

07

**ചോദ്യോത്തരവേദി**

# ജനനനിയന്ത്രണ റിപ്പോർട്ടും ക്രിസ്ത്യാനികളും



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

***ചോദ്യം:*** രണ്ടുകുട്ടികളിൽ കൂടതലുണ്ടായാൽ ശിക്ഷ നൽകണമെന്ന് ജസ്റ്റിസ് കൃഷ്ണയ്യർ സർക്കാരിന് റിപ്പോർട്ട് കൊടുത്തു. വാർത്ത കേട്ടയുടൻ കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭയും പ്രതികരിച്ചു. ജനനനിയന്ത്രണത്തെ സംബന്ധിച്ച് ബൈബിൾ വീക്ഷണം എന്താണ്? ഇതുവരെയുള്ള ലോകവീക്ഷണം എന്താണ്?
**– സണ്ണി ഹരിപ്പാട്**

***ഉത്തരം:*** മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ സന്താനങ്ങൾ വർദ്ധിച്ച് പെരുകി ഭൂമിയുടെ മേൽ ആധിപത്യം നേടണമെന്ന് ആദാമിനോടും ഹവ്വായോടും കർത്താവ് കല്പിച്ചിരുന്നു (ഉല്പത്തി 1:28). യെഹൂദന്മാരോടും ജനസംഖ്യ വർദ്ധിപ്പിക്കണമെന്ന് വചനമുണ്ടായിരുന്നു (യിരെമ്യാവ് 29:6). **എന്നാൽ നിത്യതയിൽ വാണരുളിയ ദൈവം അക്ഷരീകമായി മനുഷ്യചരിത്രത്തിലേക്ക് പ്രവേശിച്ചപ്പോൾ (പുതിയനിയമത്തിൽ), സ്വാഭാവിക ജനനത്തിനേക്കാൾ പ്രാധാന്യം വീണ്ടും ജനനത്തിനായി. അപ്പൊസ്തലനായ പൗലോസ് യാത്ര ചെയ്യുമ്പോഴും, തടവിലായിരുന്നപ്പോഴും വീണ്ടും ജനിപ്പിച്ചുകൊണ്ടിരുന്നു (ഫിലമോൻ 10).** കർത്താവിനോടുള്ള ഭക്തിയിൽ ജീവിക്കാൻ സാമൂഹിക പ്രതിസന്ധി ഉണ്ടെങ്കിൽ, കൃപയുള്ളവന് ഏകനായി ജീവിക്കാമെന്ന് അപ്പൊസ്തലിക ഉപദേശം ഉണ്ട് (1 കൊരി.7:26–31). കൃപയുള്ളവൾക്കും ഏകയായി ജീവിക്കാം (1 കൊരി. 7:40) ലൈംഗീക ദുർന്നടപ്പുണ്ടായി കർത്താവിന്റെ നാമം ദുഷിക്കപ്പെടാതിരിക്കാൻ മറ്റുള്ളവർ വിവാഹം കഴിക്കണം (1 കൊരി. 7:2). പ്രായം കുറഞ്ഞ വിധവമാർ, വീണ്ടും വിവാഹം ചെയ്ത് പുത്രസമ്പത്ത് ഉണ്ടാക്കണമെന്ന് ഉപദേശം ഉണ്ട് (1 കൊരി.7:14). വരാൻ പോകുന്ന ഒരു ചെറിയ കാലയളവിൽ 'ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം' എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്തായി 24:19,20). എന്നാൽ **ആരെങ്കിലും ആർക്കെങ്കിലും വിവാഹം വിലക്കുകയാണെങ്കിൽ,** അത് ഭൂതത്തിന്റെ ഉപദേശമാണെന്ന് വചനം വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊ. 4:1–3). ക്രിസ്തീയ സഭയെ പരിപാലിക്കുന്നവർ വിവാഹിതരായി മാതൃകാ കുടുംബ ജീവിതം നയിക്കുന്നവരായിരിക്കണമെന്ന് കല്പനയുള്ളപ്പോൾ (1 തിമൊ. 3:5), വിവാഹം വിലക്കി സഭാ ശുശ്രൂഷ ചെയ്യിപ്പിക്കാൻ നിർബന്ധിക്കുന്നവർ **'കത്തോലിക്കരും' 'ദി പെന്തെക്കോസ്തു മിഷൻ'**കാരുമാണ്. അവർക്ക് അപ്പൊസ്തലിക ഉപദേശത്തേക്കാൾ പ്രാധാന്യം തങ്ങളുടെ സംഘടനയുടെ നിയമാവലികളാണ്. രണ്ടുലക്ഷം കത്തോലിക്കാ പുരോഹിതർ തങ്ങൾക്ക് വിവാഹം ചെയ്ത് സഭാപരിപാലനം നടത്താൻ സഭ അനുവദിക്കണമെന്ന് എ. ഡി. 2000–ൽ ജോൺപോൾ മാർപ്പാപ്പയ്ക്ക് നിവേദനം നല്കിയതും, മാർപ്പാപ്പ നിവേദനം തള്ളിയതും പത്രവാർത്തയായിരുന്നല്ലോ.

പുതിയനിയമ അപ്പോസ്തലിക ഉപദേശത്തിൽ, കർത്താവിൽ വിശ്വസിക്കുന്നവന് വിവാഹം കഴിക്കുകയോ കഴിക്കാതിരിക്കുകയോ ചെയ്യാം. കൂടുതൽ സന്താനങ്ങൾ ഉണ്ടാകുകയോ ഉണ്ടാകാതിരിക്കുകയോ ചെയ്യാം. വിശ്വസിക്കുന്നവനും കർത്താവുമായിട്ടുള്ള ബന്ധത്തിൽ ഉണ്ടാകേണ്ട വ്യക്തിപരമായ അനുഗ്രഹങ്ങളും തീരുമാനങ്ങളും ആണ് അതെല്ലാം. അതുകൊണ്ട് ഭാര്യയെ കിട്ടുന്നവന് നന്മ കിട്ടുന്നതും (സദൃ. 18:22) മക്കൾ മേശയ്ക്ക് ചുറ്റും ഒലിവ് തൈകൾപോലെയും നിൽക്കുന്നതും (സങ്കീ.128:1–3) പുതിയനിയമത്തിലെ പ്രത്യേക ദൈവീക അനുഗ്രഹങ്ങളല്ല. അത് വീണ്ടും ജനിക്കാത്തവനും കിട്ടും (ലൂക്കോ. 6:35). കാട്ടുകള്ളൻ വീരപ്പൻ തരക്കേടില്ലാത്ത കുടുംബജീവിതം നയിച്ചുകൊണ്ടാണ് മോഷണം നടത്തിക്കൊണ്ടിരുന്നത്. 'വീണ്ടും ജനിക്കാത്ത മക്കൾ ഒലിവ് തൈകൾ പോലെ വീട്ടിലുണ്ടെങ്കിൽ അത് വീടിന് വലിയ ഭാരമാണ്'.

**വിവാഹ/ജനന നിയന്ത്രണം നടത്തിയവരുടെ ചരിത്രങ്ങൾ**

1. ബ്രാഹ്മണ സമുദായമായിരുന്നു കേരളത്തിലെ ഏറ്റവും പ്രബലമായ വിഭാഗം. അവർ 14–ാം നൂറ്റാണ്ട് മുതൽ ഒരു നിയമം നടപ്പാക്കി. ഇല്ലത്തിലെ മൂത്ത പുത്രൻ മാത്രം വിവാഹം കഴിക്കുക. മറ്റുള്ളവർ നായർ കുടുംബങ്ങളിൽ സംബന്ധം ചെയ്ത് കഴിയുക. അതുകൊണ്ട് 99ശതമാനം ബ്രാഹ്മണയുവതികളും യുവാക്കളെ കിട്ടാതെ അവിവാഹിതകളായിക്കഴിഞ്ഞു. കാലക്രമേണ ബ്രാഹ്മണ കുടുംബങ്ങൾ (ഇല്ലങ്ങൾ) എല്ലാം നാമാവശേഷമായി. കുടുംബത്തിലെ സ്വത്ത് വിഭജിക്കപ്പെടാതിരിക്കുവാൻ വേണ്ടിയാണ് അവർ ഈ നിയമം നടപ്പിലാക്കി നശിച്ചത്.

2. ലോകചരിത്രത്തിൽ ആദ്യമായി വിവാഹജീവിതത്തെ എതിർത്തത് ശ്രീബുദ്ധനാണ്. യേശുക്രിസ്തു ജനിക്കുന്നതിന് അറുന്നൂറ് വർഷങ്ങൾക്ക് മുൻപാണത്. ജീവിതം ദുഃഖപൂർണ്ണമാകയാൽ, സന്യസിച്ച് നിർവ്വാണം പ്രാപിക്കാനാണ് അദ്ദേഹം പഠിപ്പിച്ചത്. ലക്ഷക്കണക്കിന് മതാനുയായികൾ സന്യസിച്ചു. കുറെകാലം കഴിഞ്ഞപ്പോൾ ബുദ്ധമതം തകർന്നു തുടങ്ങി.

3. യേശുക്രിസ്തുവിന് അറുനൂറ് വർഷം മുമ്പ് ജീവിച്ച മഹാവീരൻ സ്ഥാപിച്ച ജൈനമതവും ഇതേ രീതി പിന്തുടർന്ന് വംശനാശം നേരിടുന്നു.

4. ചരിത്രത്തിലെ പ്രധാനപ്പെട്ട സംസ്കാരമാണ് ഗ്രീക്ക് സംസ്കാരം (ബി. സി. 500–ബി.സി. 300) യുദ്ധയോഗ്യരായ ചെറുപ്പക്കാർ മാത്രം ജീവിച്ചാൽ മതിയെന്ന് ഗ്രീസുകാർ തീരുമാനിച്ചു. യുദ്ധപ്രാപ്തിയില്ലാത്ത ആൺകുട്ടികൾ നശിക്കണമെന്നും, പെൺകുട്ടികളെ ആവുന്നത്ര കൊന്നുകളയണമെന്നുമായിരുന്നു ഗ്രീസുകാരുടെ താല്പര്യം. കുടുംബജീവിതം ത്യജിക്കപ്പെട്ടു. ചെറുപ്പക്കാരില്ലാതെ ഗ്രീസ് വിജനമായി. അന്യവംശങ്ങൾ കുടിയേറി പെരുകി, ഗ്രീസ് നശിച്ചു.

5. റോമൻ സാമ്രാജ്യത്തിലെ ചിന്താഗതിയും ഗ്രീസിനെപ്പോലെയായി. അവിവാഹിതരെയാണ് റോമാക്കാർ മാന്യന്മാരായി കരുതിയിരുന്നത്. ക്ലബ്ബുകളും, വേശ്യാലയങ്ങളും, കായികാഭ്യാസവും, കലാസേവനവും മതിയെന്ന് റോമാക്കാർ നിശ്ചയിച്ചു. കുട്ടികളില്ലാതെ ജനസംഖ്യ കുറഞ്ഞപ്പോൾ മറ്റുള്ളവർ കുടിയേറി റോമൻ സാമ്രാജ്യവും അസ്തമിച്ചു.

6. യൂറോപ്പിലെ വീണ്ടും ജനനാനുഭവമില്ലാത്ത ക്രിസ്ത്യാനികളും ഗ്രീക്ക് റോമൻ ചിന്താഗതിയിലാണ് നീങ്ങുന്നത്. രാജ്യപുരോഗതിക്ക്, വികസനത്തിന്, ജനസംഖ്യ കുറയ്ക്കണമെന്നുള്ള മാൽത്തൂസിയൻ സിദ്ധാന്തം (എ. ഡി. 1798) യൂറോപ്പിലെ ക്രൈസ്തവർ സ്വീകരിച്ചു. മാൽത്തൂസിയൻ സിദ്ധാന്തം തെറ്റാണെന്നും മനുഷ്യനാണ് മൂലധനമെന്നും യൂറോപ്പ് തിരിച്ചറിഞ്ഞപ്പോൾ സമയം താമസിച്ചുപോയി. നല്ലൊരു ശതമാനം ജനങ്ങളും വൃദ്ധരായി കൊണ്ടിരിക്കുന്നു. വൃദ്ധസദനത്തിലെ ജോലിക്കാർക്കുവേണ്ടി ഇൻഡ്യയിലേക്കാണവർ നോക്കുന്നത്. അത്യാർത്തി, സ്വാർത്ഥത, പങ്കുവെക്കലില്ലായ്മ, പൊങ്ങച്ചം, ധൂർത്ത്, വ്യക്തിസുഖവാദം, ആഘോഷ ഭ്രാന്ത്, മദ്യാസക്തി, അമിതഭക്ഷണം, സൗന്ദര്യവത്ക്കരണ ഭ്രാന്ത്, വിവേകരഹിതമായ ജനനനിയന്ത്രണം വഴിയുള്ള മരണസംസ്ക്കാരം, ആത്മഹത്യ പ്രവണത മുതലായവ യൂറോപ്പിലെ പാരമ്പര്യക്രിസ്തീയ കുടുംബങ്ങളെ ഇല്ലാതാക്കുകയും, നഗരങ്ങൾ മറ്റു മതക്കാർ കുടിയേറി ക്രൈസ്തവമയമല്ലാതായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുമതത്തിന് പറ്റിയ ഈ തകർച്ചയെ സമൂഹ ആത്മഹത്യ (കമ്മ്യൂണൽ സൂയിസൈഡ്) എന്നാണ് യൂറോപ്പിലെ പത്രപ്രവർത്തകർ വിശേഷിപ്പിക്കുന്നത്.

7. കേരളത്തിലെ പാരമ്പര്യ ക്രിസ്ത്യാനികളും സുവിശേഷ വിഹിത സഭകളും ഈ വഴിക്കാണ് നീങ്ങുന്നത്. യഥാർത്ഥ **വീണ്ടും ജനന പ്രവർത്തനം** നടത്തുന്ന ക്രിസ്തീയ വേലക്കാരെ ആരും സഹായിക്കുന്നില്ല. 'അനാഥശാലകൾ' 'ബൈബിൾ കോളേജുകൾ' മുതലായവകൾക്കുള്ള ബ്രോഷറും പ്രോജക്ടും ഇല്ലാത്ത ക്രിസ്തീയവേലക്കാരെ ആരും അറിയുന്നില്ല. പ്രോജക്ടുകൾക്ക് പിരിച്ചെടുത്ത ധനം **പിരിച്ചവൻ** മരിക്കാറായിട്ടും ബാങ്കിൽതന്നെ സുരക്ഷിതമായി കിടക്കുന്നു. വേദപുസ്തകവും ബാങ്കിലെ പാസ്ബുക്കും മാറി മാറി നോക്കി ശിതീകരിക്കപ്പെട്ട മുറിയിലിരുന്ന് ചിലർ നെടുവീർപ്പിടുന്നു. സൺഡേസ്കൂളിൽ ഒന്നാം ക്ലാസിലും രണ്ടാം ക്ലാസിലും വേദപുസ്തക സംഭവങ്ങൾ കേൾക്കാൻ കുട്ടികളില്ല. പറക്കമുറ്റിയ കുട്ടികൾ പലരും വാഹനാപകടത്തിൽ മരിച്ചുകൊണ്ടിരുന്നു. മറ്റുള്ളവർ യു. എസ്. എ., കാനഡാ, ആസ്ത്രേലിയ, ന്യൂസിലൻഡ് മുതലായ രാജ്യങ്ങളിൽ എങ്ങനെ കുടിയേറാമെന്ന് സ്വപ്നം കണ്ടും ആലോചിച്ചും നടക്കുന്നു. അതിന് സാധ്യതയില്ലാത്തവർ ഗൾഫിൽ ചെന്ന് ജോലി ചെയ്തശേഷം കുടിയേറ്റത്തിന് ശ്രമിക്കുന്നു. കേരളത്തിൽ തൊഴിൽ ചെയ്യാൻ ചെറുപ്പക്കാരില്ലാത്തതിനാൽ അസാമികൾ, ബംഗാളികൾ, ബീഹാറികൾ, തമിഴ്നാട്ടുകാർ കുടിയേറാൻ തുടങ്ങി. ബർട്രാന്റ് റസ്സൽ 1929–ൽ എഴുതിയ **മാര്യേജ് ആൻഡ് മോറൽസ്** എന്ന ഗ്രന്ഥത്തിൽ ഒരു മുന്നറിയിപ്പുണ്ടായിരുന്നു. ജനനനിയന്ത്രണം എല്ലാ വിഭാഗക്കാരും ഒന്നുപോലെ നടപ്പിലാക്കിയില്ലെങ്കിൽ വർദ്ധിക്കുന്ന വിഭാഗം കുറയുന്ന വിഭാഗത്തെ തിന്നുതീർക്കുമെന്നുള്ളതാണ് ഈ മുന്നറിയിപ്പ്. അതുകൊണ്ട് കേവലം ഇൻഡ്യയിൽ **രണ്ടു ശതമാനമുള്ള** ക്രൈസ്തവർ നൂറുശതമാനം ജനനനിയന്ത്രണം ഏർപ്പെടുത്തണമെന്ന് നിർബന്ധിക്കുന്നത് ആറ്റിലെ വെള്ളം കുറയ്ക്കാൻ ബക്കറ്റ് കൊണ്ട് വെള്ളം കോരിക്കളയണമെന്ന് പറയുന്നതുപോലെയാണ്. നിയന്ത്രണം ഏർപ്പെടുത്താതെതന്നെ നല്ലൊരു ശതമാനം കേരള ക്രിസ്ത്യാനി സ്ത്രീകൾക്ക് പ്രസവിച്ച കുഞ്ഞുങ്ങളെ വളർത്താനുള്ള മനസ്ഥിതിയോ ആരോഗ്യമോ ഇല്ല. തൊഴിൽപരമായ ഉന്നതി ലക്ഷ്യം വയ്ക്കുന്നതും അനാരോഗ്യ ഭക്ഷണശീലവുമാണ് കാരണങ്ങൾ.

## 08 ഇന്ത്യ ഏത് ചേരിയിലേക്ക്...

പ്യൻ കൊളോണിയൽ ശക്തികളിൽ നിന്നും രണ്ടാം ലോക മഹായുദ്ധശേഷം സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളായിരുന്നു ഇത്തരം ഒരാലോചനയ്ക്കു നേതൃത്വം നൽകിയത്. ശീതയുദ്ധകാലത്ത് അമേരിക്കയും സോവിയറ്റ് യൂണിയനും ചേരിചേരാ രാജ്യങ്ങളെ തങ്ങളുടെ കൂടെ നിർത്താൻ എല്ലാവിധത്തിലും ശ്രമിച്ചു. ചേരിചേരാ പ്രസ്ഥാനത്തിലെ അംഗരാജ്യങ്ങളിൽ ബഹുഭൂരിപക്ഷവും വികസ്വര, അവികസിത രാജ്യങ്ങളായിരുന്നതിനാൽ ഏതെങ്കിലും വിധത്തിൽ വൻശക്തികളെ ആശ്രയിക്കേണ്ടിയും വന്നു. ഇക്കാരണത്താൽ തന്നെ സാമ്പത്തിക സഹായം നൽകിയാണ് അമേരിക്കയും സോവിയറ്റ് യൂണിയനും രാഷ്ട്രങ്ങളെ വരുതിയിലാക്കാൻ ശ്രമിച്ചത്. ഇവയ്ക്കു പുറമേ, രാഷ്ട്രീയപരമായും പല ചേരിചേരാ രാഷ്ട്രങ്ങളും ഇരു വൻശക്തികളുടെയും കൂടെ ഇക്കാലത്ത് നിലയുറപ്പിച്ചിരുന്നു. സോവിയറ്റ് സഖ്യ കക്ഷിയായിരുന്ന ക്യൂബ ഉദാഹരണം. പ്രസ്ഥാനത്തിന്റെ നെടുനായകത്വം വഹിച്ചിരുന്ന ഇന്ത്യ പോലും ശീതയുദ്ധകാലത്ത് പരോക്ഷമായി സോവിയറ്റ് പക്ഷത്തു നിലയുറപ്പിച്ചിരുന്നു എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

അനുദിനം മാറി കൊണ്ടിരിക്കുന്ന ലോക രാഷ്ട്രീയ സമവാക്യങ്ങളിൽ ഇനി ഇന്ത്യൻ നിലപാടുകളും സ്വാധീനം ചെലുത്തും. നയതന്ത്രതലത്തിലെ ഇന്ത്യൻ ശക്തി വിളിച്ചറിയിക്കുന്നതായിരുന്നു പ്രധാനമന്ത്രിയുടെ ഒരോ വിദേശ സന്ദർശനവും. ഇസ്ലാമിക് സ്റ്റേറ്റ് എന്ന മനുഷ്യകുലത്തിന്റെ പൊതു ശത്രുവിനെതിരെ കൈകോർത്തു കൊണ്ടാണ് ലോകരാജ്യങ്ങൾ കൈകോർത്തു. ആഗോളമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദമാണ് പുതിയ ചേരി തിരിവുകൾക്കും കൂട്ടായ്മകൾക്കും കാരണമായത്. തീവ്ര വാദത്തിനെതിരെയുള്ള പോരാട്ടത്തിൽ ഇന്ത്യയ്ക്കും യു.എ.ഇ.യിക്കും ഇനി രണ്ട് സ്വരം ഇല്ല എന്ന് ഇന്ത്യൻ പ്രധാമമന്ത്രി തുറന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഉഭയകക്ഷി ബന്ധത്തിൽ പുതിയ നാഴിക കല്ല് രൂപപ്പെട്ടു എന്നാണ് ഇതിനർത്ഥം. ആണവ കരാറോടെയും ഷെയിൽ ഗ്യാസ് ഉത്പാദനത്തോടെയും ഇന്ത്യ അമേരിക്കൻ ഗൾഫ് ചേരിയിൽ നിന്ന് പതിയെ അകന്നു ഇറാൻ ചേരിയിലേക്ക് പോകുന്നു എന്ന് രാഷ്ട്രീയ നിരീക്ഷകർ ആശങ്ക പങ്കുവെച്ചു എങ്കിലും വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായിരുന്നതിനാൽ വൻശക്തികളുടെ ആധിപത്യത്തെ ചോദ്യം ചെയ്യാൻ ചേരിചേരാ രാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നില്ല. ഐക്യരാഷ്ട്ര പൊതുസഭയിലെ വോട്ടെടുപ്പുകളിൽ ചിലപ്പോഴൊക്കെ വിലപേശൽ ശക്തികളാകാൻ കഴിഞ്ഞു എന്നതു മാത്രമായിരുന്നു ഇക്കാലത്ത് പ്രസ്ഥാനം കൊണ്ടുള്ള നേട്ടം.സോവ്യറ്റ് യൂണിയന്റെ ശിഥിലീകരണത്തോടെ രാജ്യാന്തര ശാക്തിക ചേരികളിൽ കാര്യമായ മാറ്റം വന്നു. ശീതയുദ്ധകാലത്തേതു പോലെയുള്ള പക്ഷം ചേരലുകൾക്ക് പ്രസക്തിയില്ലാതായി. അടുത്ത കാലത്തായി അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ശക്തമായ നിലപാടുകളെടുക്കാൻ അംഗരാജ്യങ്ങൾ കൂട്ടായി ശ്രമിക്കുന്നുണ്ട്. 2006ൽ ക്യൂബയിലെ ഹവാനയിൽ നടത്തിയ ഉച്ചകോടിയിൽ അമേരിക്കയുടെ വിദേശനയത്തെ വിമർശിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കുകയുണ്ടായി. എന്നാൽ യു.എൻ പ്രമേയങ്ങളിലടക്കം പാലസ്തീന് അനുകൂലമായി നിലപാടെടുക്കുകയും വോട്ടിങ്ങ് രേഖപ്പെടുത്തുകയും ചെയ്യുന്ന നയം ഇന്ത്യ മാറ്റുന്നു എന്നതാണ് അടുത്ത കാലത്തായി പുറത്തു വരുന്ന വാർത്തകൾ. ഇസ്രയേലുമായി കൂടുതൽ പ്രതിരോധ ബന്ധം ശക്തിപ്പെടുത്തുന്നതിന് വേണ്ടിയാണ് മോദി ഭരണകൂടം ഇസ്രയേലിന് വേണ്ടി വാദിക്കുകയെന്ന് വിദേശകാര്യ മന്ത്രാലയം ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് ദി ഹിന്ദു റിപ്പോർട്ട് ചെയ്തു. ഇസ്രയേലുമായി കൂടുതൽ പ്രതിരോധ സഹകരണ ചർച്ചകൾക്കായി കഴിഞ്ഞ മാസം വിദേശ കാര്യമന്ത്രി സുഷമ സ്വരാജ് ഇസ്രയേൽ സന്ദർശിച്ചിരുന്നു. അതിനോടനുബന്ധമായാണ് നിലപാടു മാറ്റം. യു.എൻ അസ്സംബ്ലിക്കിടെ പ്രധാനമന്ത്രി മോദി ഇസ്രയേൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. പ്രതിരോധം, തീവ്രാവാദ വിരുദ്ധ നീക്കം, സുരക്ഷ തുടങ്ങിയ മേഖലകളിൽ തന്ത്രപ്രധാന സഹകരണമാണ് ഇരു രാജ്യങ്ങളും കരാറിലേർപ്പെട്ടിട്ടുള്ളത്. ദശകങ്ങളായി ഇന്ത്യ തുടരുന്ന നിലപാടാണ് മോദി സർക്കാർ മാറ്റുന്നത്. ഇന്ത്യ ഉയർത്തിപ്പിടിക്കുന്ന ചേരി ചേരാ നയത്തിന്റെ നിലപാട് മാറ്റത്തിന് പാർലമെന്റിന്റെ അനുമതി ആവശ്യമില്ല. എന്തായാലും ഇന്ത്യയുടെ നിലപാട് മാറ്റം ലോകരാഷ്ട്രങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുമ്പോൾ വേദപുസ്തക പ്രചവചനങ്ങൾ നിറവേറപ്പെടുകയാണോ. യെഹസ്ക്കിയേൽ 38:13–ൽ പറയുന്നതു പോലെ ശെബയും ദെദാനും തർശീശ് വർത്തകന്മാരും അതിലെ സകല ബാലസിംഹങ്ങളും നിന്നോടു: നീ കൊള്ളയിടുവാനോ വന്നതു? ഇന്ത്യ അന്ത്യകാല യുദ്ധത്തിനായി തർശീശിന്റെ ബാലസിംഹമായി മാറുമോ നമുക്ക് അങ്ങനെ പ്രതീക്ഷിക്കാം.

## 01 പാസ്റ്റർ കെ. സി. സണ്ണികുട്ടി...

തോമസ്കുട്ടി ഏബ്രഹാം, മാധ്യമപ്രവർത്തകരായ അനിൽ കൊടിത്തോട്ടം, സാംകുട്ടി മാത്യു, പാസ്റ്റർമാരായ പി. ജെ. ജോസഫ്, കെ. ജെ. ജോസ്, വി. ജോർജ്, ബ്രദർ ജോസഫ് മറ്റത്തുകാല, തലിയച്ചിറ കുര്യാക്കോസ് എന്നിവർ ആശംസ അറിയിച്ചു. പാസ്റ്റർമാരായ എൻ. എ. തോമസുകുട്ടി സ്വാഗതവും കെ. എം. ജോസ് നന്ദിയും പറഞ്ഞു. ബഹു. ജനമുഖ വകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ റീജിയൻ ഓഫീസ് സന്ദർശിച്ച് അനുമോദിച്ചു.

# യുവജന ക്യാമ്പ്



**വടക്കഞ്ചേരി:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ചിറ്റൂർ സെന്ററിന്റെ പി. വൈ. പി. എയുടെയും സണ്ടേസ്കൂളിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ യുവജന വിദ്യാർത്ഥി ക്യാമ്പ് വടക്കഞ്ചേരി മയൂര്യ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ചിറ്റൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജൻ കെ. ഈശ്ശായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സണ്ണി ഐസക്ക് അദ്ധ്യക്ഷത വഹിച്ചു. സെന്റർ സെക്രട്ടറി പാസ്റ്റർ ബെന്നി ടി. ജെ. ആമുഖ സന്ദേശം നൽകി. ഐ. സി. പി. എഫ് നോർത്തേൺ റീജണൽ കോർഡിനേറ്റർ ഡോ. സാജൻ സി. ജേക്കബ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ സുരേഷ് എടക്കള്ളത്തൂർ, ശ്രീനിവാസൻ, പോൾ കാശു, യോഹന്നാൻ ഇ. എസ്, ഫിന്നി വേലായുധൻ എന്നിവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. താലന്ത് പരിശോധനയിൽ വിജയികളായവർക്ക് സമാപന സമ്മേളനത്തിൽ സമ്മാനം വിതരണം ചെയ്തു. സണ്ടേസ്കൂൾ സൂപ്രണ്ട് പാസ്റ്റർ സിജൻ സി. ജെ. സ്വാഗതവും സെന്റർ ട്രഷറർ ബ്രദർ സാം കെ. ജേക്കബ് നന്ദിയും പ്രകാശിപ്പിച്ചു.

# പി. വൈ. പി. എ ഗ്രാൻഫിനാലെ സൂപ്പർ മെഗാ ബൈബിൾ ക്വിസ് മത്സരത്തിന് സമാപനം




**തിരുവല്ല:** ഐ. പി.സി. യുവജന വിഭാഗമായ പെന്തെക്കോസ്ത് യുവജന സംഘടന പി. വൈ. പി. എയുടെ പുതിയ സംരംഭമായ സൂപ്പർ മെഗാ ബൈബിൾ ക്വിസിന് ആവേശകരമായ പങ്കാളിത്വം. ഏഷ്യയിലെ ഏറ്റവും വലിയ ക്വിസ് മത്സരമാണ് നടത്തപ്പെട്ടത്. പ്രാരംഭ മത്സരത്തിൽ കേരളത്തിൽ ആകമാനമായി 1500-ൽ അധികം സഭകളിൽ നിന്നും പതിനായിരത്തിലധികം പേർ പങ്കെടുത്തിരുന്നു. സമാപന മത്സരത്തിന്റെ ഉദ്ഘാടനം ഐ. പി. സി. ജനറൽ ട്രഷറർ സജിപോൾ നിർവ്വഹിച്ചു. സംസ്ഥാന പി. വൈ. പി. എ പ്രസിഡന്റ് ബ്രദർ സുധി എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പി. വൈ. പി.എ വൈസ് പ്രസിഡന്റ് റവ. സിനോജ് ജോർജ് ആക്ടിംഗ് സെക്രട്ടറി, ജയ്സൺ സോളമൻ (ജോ. സെക്രട്ടറി), ഇവാ. ജോർജ് തോമസ് (ട്രഷറർ), ബ്രദർ ജസ്റ്റിൻ നെടുവേലിൽ എന്നിവർ പ്രസംഗിച്ചു. ഓഫീസ് സെക്രട്ടറി ജോൺ വിനോദ് സാം, ജഡ്ജിംഗ് പാനൽ അംഗങ്ങളായ ഡോ. ജോർജ് കോശി, മൈലപ്ര, ബ്രദർ മനോജ് എബ്രഹാം കൗൺസിൽ അംഗം പാസ്റ്റർ ബെൻസൻ തോമസ് (ജനറൽ കോർഡിനേറ്റർ), പാസ്റ്റർ സുനിൽ മാത്യു, വിൻസി പി. മാമൻ, ജോസി പ്ലാത്താനത്ത്, പാസ്റ്റർ ബിജു കിളിയിൽ എന്നിവരെ കൂടാതെ മേഖല സെന്റർ ഭാരവാഹികൾ നേതൃത്വം നൽകി.

## 05 വീക്ഷണം.......

യും ലിംഗത്തിന്റെയും അടിസ്ഥാനത്തിൽ വിവേചനം പാടില്ലെന്ന ഭരണഘടനാതത്വം നിറവേറ്റുന്നതിനും ഏക സിവിൽ കോഡ് മാത്രമാണ് വഴിയെന്നാണ് അനുകൂലിക്കുന്നവർ പറയുന്നത്.

**മറുവാദങ്ങൾ**

ക്രേന്ദ്രം ഭരിക്കുന്നത് ബി. ജെ. പിയാണ് എന്നതിനാലും ഉത്തർ പ്രദേശിലെ നിയമസഭ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നുവെന്നതിനാലും രാഷ്ട്രീയമായ നേട്ടം മാത്രമാണ് തൽപ്പരകക്ഷികൾ ലക്ഷ്യമിടുന്നതെന്നാണ് പ്രധാന വിമർശനം. ആയിരകണക്കിന് ജാതികളും ഉപ ജാതികളും മതവിശ്വാസങ്ങളും ആചാര അനുഷ്ഠാനങ്ങളുമുള്ള ഇന്ത്യപോലൊരു രാജ്യം ഏക സിവിൽ കോഡിന് ഇനിയും പാകപ്പെട്ടിട്ടില്ലെന്നും വാദമുണ്ട്. ഏക സിവിൽ കോഡിന്റെ പേരിൽ ഹൈന്ദവവത്കരണമാണ് രാജ്യത്ത് അടിച്ചേല്പ്പിക്കാൻ പോകുന്നതെന്നാണ് പ്രധാന മറുവാദം. ജാതിമത ആചാരങ്ങളെ സിവിൽ കോഡ് എങ്ങനെ കാണുമെന്നതും ജാതി മത അടിസ്ഥാനത്തിലുള്ള സംവരണം ന്യൂനപക്ഷ ആനുകൂല്യങ്ങൾ തുടങ്ങിയവ നിലനില്ക്കുമോ തുടങ്ങി സിവിൽ കോഡിന്റെ വ്യാപ്തി എത്രത്തോളമായിരിക്കുമെന്ന് ആശങ്കകൾ ഉയരുന്നുണ്ട്.

**സിവിൽ കോഡ് - ക്രൈസ്തവ നിരീക്ഷണങ്ങൾ**

ഏക സിവിൽകോഡ് ഏതെല്ലാം മേഖലകളെ ഉൾപ്പെടുത്തിയാകും ഉണ്ടാവുക എന്നതിനെ ആശ്രയിച്ചാകും നിയമത്തിന്റെ ഇടപെടൽ ക്രൈസ്തവ സമൂഹത്തിലുമുണ്ടാകുന്നത്. ഒരുവശത്ത് മാർ ആലഞ്ചേരി ഏകസിവിൽകോഡിനെ പിന്തുണക്കുമ്പോൾ മറുഭാഗത്ത് മാർ ത്തോമ്മ മെത്രപ്പോലീത്ത ആശങ്കയറിയിക്കുന്നതിൽ നിന്നു തന്നെ സിവിൽകോഡ് എങ്ങനെയായിരിക്കുമെന്നതു സംബന്ധിച്ച അവ്യക്തത പ്രകടമാണ്. പൗരോഹിത്യ സഭകൾക്കെതിരെ ആശയ സമരം നടത്തിയ ജോസഫ് പുലിക്കുന്നേൽ പറയുന്നത് ശ്രദ്ധിക്കുക.

"പള്ളികൾ ഭരിക്കുന്നത് മാർപ്പാപ്പ നിയമിക്കുന്ന മെത്രാന്മാരാണ്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണമായും പൗരോഹിത്യ ആധിപത്യത്തിലാണ്. പള്ളിഭരണ നിയമമുണ്ടാക്കാൻ രാഷ്ട്രത്തിന് കടമയുണ്ട് ഭൂരിപക്ഷ സമൂഹം രണ്ടാംകിട പൗരന്മാരാകുന്ന നിയമവ്യവസ്ഥയെ നീക്കി മതനിരപേക്ഷമായി തുല്യനീതി എല്ലാ മത സമൂഹങ്ങൾക്കും നൽകുന്ന കോമൺ സിവിൽകോഡ് നടപ്പിലാക്കേണ്ടതുണ്ട്".

വഖഫ് ബോർഡുപോലെയും ദേവസ്വം ബോർഡുപോലെയും ഒരു സംവിധാനം വന്നാൽ സഭാഭരണവും അതിലേക്ക് മാറില്ലേയെന്ന ആശങ്ക അസ്ഥാനത്തല്ല. പൊതുനിയമം ഏവർക്കും ബാധകമാക്കിയാൽ ശവസംസ്കാരം തുടങ്ങിയവയിൽ ഏകീകൃത രീതി അടിച്ചേല്പ്പിക്കപ്പെടില്ലേയെന്ന ആശങ്കയുയരുന്നുണ്ട്. ക്രൈസ്തവർ അനുഭവിച്ചു പോരുന്ന ന്യൂനപക്ഷപദവി ചോദ്യം ചെയ്യപ്പെടുമെന്ന് ഭയപ്പെടുന്നവരും അനവധിയാണ്. വിവാഹമോചനമേ നിഷിധമായി കരുതുന്ന സമൂഹത്തിൽ വിവാഹമോചനങ്ങൾ പെരുക്കുന്നതിനും ഏക സിവിൽകോഡ് വഴിവെക്കും.

ഏക സിവിൽകോഡിനെപ്പറ്റിയുള്ള പെന്തെക്കോസ്ത് നിലപാടുകൾ ഇനിയും ആരും പറഞ്ഞു കേൾക്കാത്ത സ്ഥിതിയാണുള്ളത്. ഈ വിഷയത്തെപ്പറ്റി പഠിക്കാനും ആശങ്കകൾ പങ്കുവെക്കുന്നതിനും സഭാ നേതൃത്വങ്ങളും പെന്തെക്കോസ്ത് സംഘടനകളും ഇനിയും തയ്യാറാകേണ്ടതുണ്ട്. ഒരു ജനാധിപത്യ രാജ്യത്തുണ്ടാകുന്ന എല്ലാ നിയമങ്ങളും ചർച്ചകളിലൂടെയാണ് രൂപപ്പെടുന്നത്. ഇക്കാരണത്താൽ തന്നെ രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അഭിപ്രായരൂപീകരണ ചർച്ചകളിൽ നമുക്കും നമ്മുടെതായ പങ്കു വഹിക്കാൻ കഴിയേണ്ടതാണ്. "എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷപാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു" (1 തിമൊ:2:1-2).

## 08 കണ്ടതും കേട്ടതും.......

കവും നിലവാരമുള്ളതുമാകുമ്പോൾ, ലാസർ വി. മാത്യുവിന്റേതു ശൃംഗാരവും ചിലപ്പോൾ അശ്ലീലവുമായിട്ടുണ്ട് ('യോസേഫിന്റെ കൈലിമുണ്ടൊ'ക്കെ ഒഴിവാക്കേണ്ടതാണ്).

കുവൈറ്റിൽനിന്നു വന്ന ഒരാൾ പറഞ്ഞത്, അവരുടെ ശുശ്രൂഷകൻ നല്ലൊരാളാണ്. നല്ല വചനശുശ്രൂഷയാണ്; ഉദാഹരണമൊന്നും പറയത്തില്ലയെന്നാണ്. അപ്പോൾത്തന്നെ വേറൊരു ശുശ്രൂഷകനെക്കുറിച്ച് ഒരാൾ പറഞ്ഞത്, "ഇഷ്ടംപോലെ ഉദാഹരണങ്ങൾ പറഞ്ഞു; കേൾക്കേണ്ടുന്ന പ്രസംഗമായിരുന്നു"വെന്നാണ്.

ഇവ രണ്ടും കേൾക്കുമ്പോൾ ഏതു തള്ളണം, ഏതു കൊള്ളണമെന്ന ആശയക്കുഴപ്പമാണു നമുക്കുണ്ടാകുന്നത്. രണ്ടും ശുശ്രൂഷകന്മാരുടെ ഗുണങ്ങളായിട്ടാണു പറയുന്നത്.

എനിക്കു ലഭിക്കുന്ന സമയങ്ങളിൽ ഞാൻ ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കാറുണ്ട്. ചിലതു കരുതിക്കൂട്ടിപ്പറയുമ്പോൾ, സാന്ദർഭികമായി മനസ്സിൽ വന്നവയും പറയും. ഉദാഹരണങ്ങൾ പറയാത്തതുകൊണ്ട് ആ ശുശ്രൂഷകൻ പരമ പവിത്രനാണെന്നു കരുതേണ്ടതില്ല. ഉദാഹരണങ്ങൾ പറയുന്നയാൾ അനാത്മീയനാണെന്നും ധരിക്കേണ്ടതില്ല.

വായനശീലമുള്ളവർക്ക് ദൃഷ്ടാന്തങ്ങൾ പറയേണ്ടിവരും (പറയും). അവർക്കു പദസമ്പത്തുമുണ്ടായിരിക്കും. ദൈവവചനം മാത്രം വായിച്ച് അതുമാത്രം പ്രസംഗിക്കുന്നവരുണ്ട്. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. വെളിപ്പാടുകളുടെ ആധിക്യമുണ്ടായിരുന്ന പൗലോസ് കാവ്യങ്ങളും തത്വചിന്തകളുമൊക്കെ വായിച്ച് അവ അവസരോചിതമായി പ്രയോഗിച്ചിരുന്നു. പൗലോസിന് അതിനും സ്വാതന്ത്ര്യമുണ്ട്.

**നീക്കിബാക്കി:** വിശ്വാസികളുടെ കൂടിവരവുകളിൽ പറയുന്ന ദൃഷ്ടാന്തങ്ങൾ ഫലിതരസമുള്ളവയാലും വലിയ കുഴപ്പമില്ല. പക്ഷേ സുവിശേഷപ്രസംഗത്തിനും ഫലിതത്തിന്റെ അകമ്പടി വേണ്ട. സുവിശേഷം ഏറ്റവും ഗൗരവമുള്ളതാണ്. അതു പൊതുജനത്തോടു പറയുമ്പോൾ, ഗൗരവം ചോർത്തിക്കളയുന്ന ഫലിതപ്രയോഗം ഉപേക്ഷിക്കുന്നതാണു നല്ലത്.

ഈ അഭിപ്രായത്തോടു വിയോജിക്കാനുള്ള സ്വാതന്ത്ര്യവും നിങ്ങൾക്കുണ്ടെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കട്ടെ.

## 03 വേദപഠനം.......

വനുള്ള ദൈവത്തിൽ ആശവെച്ച് അദ്ധ്വാനിക്കണം, അവൻ സകല മനുഷ്യരുടെയും വിശേഷാൽ വിശ്വാസികളുടെയും രക്ഷിതാവാണ്. രക്ഷ സാർവ്വത്രീകമാണ് എന്നു ഇവിടെ വ്യക്തമാകുന്നു. ദൈവം യേശുക്രിസ്തുവിലൂടെ നിറവേറ്റിയ രക്ഷ സകല മനുഷ്യർക്കും ഉള്ളതാണ്, ഏവർക്കും അത് സ്വീകാര്യവും അംഗീകരിക്കുവാൻ കഴിയുന്നതുമാണ്, എന്നാൽ സ്വീകരിക്കുന്നവർക്കു മാത്രമേ അനുഭവമാക്കുവാൻ കഴിയുകയുള്ളൂ. യോഹ:3:15, 18, 36 സഭ ശുശ്രൂഷകന്റെ പ്രധാന ലക്ഷ്യം രക്ഷ സകലർക്കു ലഭ്യമാക്കുവാൻ വേണ്ടി ആവോളം പ്രവർത്തിക്കുകയെന്നുള്ളതാണ്. **(തുടരും...)**

## 01 ശാരോൻ ജനറൽ കൺവൻഷൻ .......

സാം ഫിലിപ്പ് (ഫുഡ്), ബോസ് എം. കുരുവിള, ബ്രദർ ഏബ്രഹാം ഉമ്മൻ (അറേഞ്ച്മെന്റ്സ്), പാസ്റ്റേഴ്സ് ജേക്കബ് ജോർജ്, റ്റി. എം. വർഗീസ് (അക്കോമഡേഷൻ), കുര്യൻ മാത്യു, മാത്യൂസ് ജോർജ്(വോളന്റിയേഴ്സ്), സോവി മാത്യു, ബിജു ജോസഫ് (മ്യൂസിക്) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു.



MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 18

BELIEVERS JOURNAL
PUBLISHED ON 25/09/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

**ലേഖനം**

# ഇന്ത്യ ഏത് ചേരിയിലേക്ക്



**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**

യേശുക്രിസ്തുവിന്റെ പുനാരാഗമനത്തിനു ശേഷം അനവധിയായ യുദ്ധങ്ങൾ ഭൂമുഖത്ത് അരേങ്ങേറുമെന്ന് വിശുദ്ധ വേദപുസ്തകം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്നാണ് ഹർമ്മഗെദ്ദോൻ യുദ്ധം. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളും രണ്ടായി തിരിഞ്ഞ് മെഗിദ്ദോ താഴ്വരയിൽ യുദ്ധത്തിനായി അണിനിരക്കും.ഒരുവശത്ത് എതിർക്രിസ്തുവിന്റെ നേതൃത്വത്തിൽ ഗോഗ് പ്രഭുവായിരിക്കുന്ന സൈന്യവും മറുവശത്ത് യിസ്രയേലിന്റെ നേതൃത്വത്തിൽ ഉള്ള സൈന്യവും ആണ് അണിനിരക്കുന്നത്. യെഹസ്ക്കിയേൽ പ്രവചനം അനുസരിച്ച് രോശ് മേശക്ക് തൂബൽ എന്നിവരുടെ പ്രഭുവായ ഗോഗ് ആണ് എന്നാണ്. വേദപുസ്തക വംശാവലിപ്രകാരം യാഫേത്തിന്റെ പുത്രന്മാരാണ് രോശ് മേശക് തൂബൽ എന്നിവർ അവരുടെ പ്രഭുവായ ഗോഗ് വരുന്നത് പുനരുജ്ജിവിപ്പിക്കപ്പെടുന്ന പഴയ റോമാസാമ്യാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു നിന്ന് ആയിരിക്കും. അങ്ങനെ ലോക ശാക്തിക ചേരിയിലെ പ്രധാനമായ രാഷ്ട്രങ്ങൾ എല്ലാം രണ്ട് ചേരിയിൽ അണി നിരക്കുന്ന ഈ യുദ്ധത്തിനായി അണിയിറയിൽ കാര്യങ്ങൾ ഒരുക്കപ്പെടുന്നു എന്ന് കാണാം. നമ്മുടെ ഭാരതവും അത്തരത്തിൽ മുന്നേറുന്നത് കാണാം. ഇന്ത്യയുടെ വിദേശ നയത്തിൽ കാതലായ മാറ്റം വരുന്നതിന്റെ സൂചനയായി വെനിസ്വേലയിൽ നടക്കുന്ന ചേരിചേരാ ഉച്ചകോടിയിൽ നിന്നും പ്രധാനമന്ത്രി പങ്കെടുക്കുവാൻ സാധ്യത കുറവ്. അമേരിക്കയോടും യിസ്രയേലിനോടും വർദ്ധിച്ചു വരുന്ന അടുപ്പമാണ് ഇത്തരത്തിൽ ചിന്തിക്കുവാൻ ഇന്ത്യൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നത് എന്നറിയുന്നു. ഇന്ത്യൻ പ്രധാനമന്ത്രി പങ്കെടുത്തില്ലായെങ്കിൽ അത് ചേരിചേരാ പ്രസ്ഥാനത്തിന്റെ 55 വർഷത്തെ ചരിത്രത്തിൽ വഴിത്തിരിവാകും. ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക അംഗവും നെടുംതൂണുമായ ഇന്ത്യയുടെ നിലപാടുമാറ്റം കൂടിയും ആണിത്.




രാജ്യാന്തര ശാക്തികചേരികളിലൊന്നും ഉൾപ്പെടുന്നില്ല എന്നു സ്വയം വിശേഷിപ്പിക്കുന്ന രാഷ്ട്രങ്ങളുടെ കൂട്ടായ്മയാണ് ചേരിചേരാ പ്രസ്ഥാനം. നൂറിലേറെ അംഗരാജ്യങ്ങളുള്ള ഈ പ്രസ്ഥാനം ഐക്യരാഷ്ട്ര സഭ കഴിഞ്ഞാൽ ഏറ്റവും അംഗസംഖ്യയുള്ള സാർവദേശീയ പ്രസ്ഥാനമാണ്. 1979ലെ ഹവാനാ പ്രഖ്യാപനപ്രകാരം അംഗരാജ്യങ്ങളുടെ സ്വാതന്ത്ര്യവും പരമാധികാരവും പ്രാദേശിക സ്വത്വവും സുരക്ഷിതത്വവും ഉറപ്പാക്കുകയാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. സാമ്രാജ്യത്വം, കോളനിവത്ക്കരണം, വർണ്ണവിവേചനം, വംശവിവേചനം, സിയോണിസം എന്നിവയ്ക്കെതിരായ നിലപാടുകളും പ്രസ്ഥാനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽപെടുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു, യൂഗോസ്ലാവ്യൻ പ്രസിഡന്റ് മാർഷൽ ടിറ്റോ, ഈജിപ്ഷ്യൻ പ്രസിഡന്റ് ഗമാൽ അബ്ദുന്നാസർ എന്നീ ത്രിമൂർത്തികളുടെ ശ്രമഫലമായാണ് ചേരിചേരാ പ്രസ്ഥാനം രൂപം കൊണ്ടത്. വൻശക്തികളിൽ നിന്ന് അകന്നു നിൽക്കുകയായിരുന്നു ചേരിചേരാ പ്രസ്ഥാനത്തിന്റെ ലക്ഷ്യമെങ്കിലും ശീതയുദ്ധകാലത്ത് പല അംഗരാജ്യങ്ങളും ഏതെങ്കിലും വിധത്തിൽ ഇരു ചേരികളിലുമായി നിലയുറപ്പിച്ചു. ഇതിനു പുറമേ അംഗരാജ്യങ്ങൾ തമ്മിലും തർക്കങ്ങൾ ഉടലെടുത്തു 1979-ൽ സോവിയറ്റ് സേന അഫ്ഗാനിസ്ഥാനിൽ പ്രവേശിച്ചപ്പോൾ ചേരിചേരാ പ്രസ്ഥാനത്തിൽ അന്തഃഛിദ്രം രൂക്ഷമായി. സോവിയറ്റ് അനുകൂല രാഷ്ട്രങ്ങൾ അധിനിവേശത്തെ അനുകൂലിച്ചപ്പോൾ ഇസ്ലാമിക രാജ്യങ്ങൾ ഇതിനെ എതിർത്തു. രൂപവത്കരണത്തിനുശേഷം പല രാജ്യാന്തര പ്രശ്നങ്ങളിലും ഇതുമൂലം വ്യക്തമായ നിലപാടുകളെടുക്കാൻ പ്രസ്ഥാനത്തിന് കഴിഞ്ഞില്ല.ശീതയുദ്ധത്തിനു ശേഷം പ്രസ്ഥാനത്തിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. എന്നിരുന്നാലും 118 അംഗരാജ്യങ്ങളുള്ള ഈ പ്രസ്ഥാനം വൻശക്തികൾക്കെതിരായ ഏറ്റവും പ്രബലമായ രാജ്യാന്തരവേദിയായി തുടരുന്നു.രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകം രണ്ടു ശാക്തിക ചേരികളായി വിഭജിക്കപ്പെട്ടു. സോവിയറ്റ് യൂണിയനും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ചേരുന്ന കമ്മ്യൂണിസ്റ്റ് ചേരിയും അമേരിക്കയും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളും ചേരുന്ന പാശ്ചാത്യ ചേരിയും. ശീതയുദ്ധം എന്ന പേരിലറിയപ്പെടുന്ന ഈ നയതന്ത്ര സംഘർഷം ചൂടുപിടിച്ച 1960കളിലാണ് ഇരു ചേരികളിലും പെടാത്ത രാജ്യങ്ങളുടെ കൂട്ടായ്മയെപ്പറ്റി ആലോചന തുടങ്ങിയത്. യൂറോ

06

**കണ്ടതും കേട്ടതും**

# ഉപമയും ഉദാഹരണവും

**ജയ്മോഹൻ അതിരുങ്കൽ**
9567759748

കഴിഞ്ഞ ലക്കത്തിലെ 'പരിഭാഷാവിഷമം' പൂർണമല്ല; അതു കുറച്ചുകൂടി എഴുതാനുണ്ടായിരുന്നു. പരിഭാഷപ്പെടുത്തിയതിന്റെ പ്രതിഫലം കിട്ടാനുള്ളതാണു വിഷമമായി അവശേഷിക്കുന്നത്. 'ജി. എം. ന്യൂസ്' എന്നൊരു ഓൺലൈൻ പത്രത്തിനുവേണ്ടി കുറച്ചു വാർത്തകൾ പരിഭാഷപ്പെടുത്തിക്കൊടുത്തിരുന്നു, വർഷങ്ങൾക്കു മുമ്പ്- ഒരു രൂപ പോലും പ്രതിഫലം കിട്ടിയില്ല! അതുപോലെ, ഡൽഹി ആസ്ഥാനമായുള്ള ഒരു സംഘടനയ്ക്കുവേണ്ടി കുറച്ചു പരിഭാഷാജോലി നിർവ്വഹിച്ചിട്ടും കൂലിയൊന്നും തന്നില്ല- ഒരു പോൾസൺ ജോണായിരുന്നു അതിന്റെ ചുമതലക്കാരൻ. ഇതു വായിച്ചിട്ടായാലും അവർ വേണ്ടതു ചെയ്യുമെന്നു പ്രതീക്ഷിക്കുന്നില്ല. മേല്പറഞ്ഞ വിഷമം കഠിനമായതല്ല, സാന്ദർഭികമായി ഇതെഴുതിയെന്നേയുള്ളൂ.

കഴിഞ്ഞയിടെ ചില വിവാഹങ്ങളിൽ പങ്കെടുത്തു. ഒന്നാമത്തേതു സുവി. തമ്പി മാത്യുവിന്റെ മകളുടെ വിവാഹമായിരുന്നു. അടുത്തിടെ പങ്കെടുത്തവയിൽ വച്ച് നല്ലൊരു വിവാഹച്ചടങ്ങായിരുന്നു അത്. പി. ജെ. ജെയിംസ് സാറിന്റെ പ്രസംഗവും വിവാഹം നടത്തിയ ദൈവദാസന്റെ സന്ദേശവും മികച്ചതായിരുന്നു. ഒന്നും അതിൽ ഉപേക്ഷിക്കാനില്ലായിരുന്നു.

പാസ്റ്റർ സാംകുട്ടി മാത്യുവിന്റെ മകന്റെ വിവാഹത്തിനു വൈകിച്ചെന്നതുമൂലം പ്രസംഗമൊന്നും കേൾക്കാൻ കഴിഞ്ഞില്ല. മറ്റൊരു വിവാഹത്തിൽ സംബന്ധിച്ച് ഭക്ഷണവും കഴിച്ചിട്ടു പോരുമ്പോൾ, ഒരു ശുശ്രൂഷകൻ, വരന്റെ പിതാവിനു കൈകൊടുത്തിട്ട് 'ചാക്കോച്ചാ (പേരിതല്ല), പോകട്ടെ"യെന്നു ചോദിക്കുന്നതു കേട്ടു. കവറൊന്നും കിട്ടുന്ന ലക്ഷണമില്ലാത്തതു കൊണ്ടു ചോദിച്ചതാകാനാണു സാദ്ധ്യത. വെറുതെ കല്യാണത്തിനു വന്നയാൾപോലും എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിക്കുമ്പോൾ, ചെയ്ത ജോലിക്കു പ്രതിഫലം ചോദിക്കുന്നതിലെന്താണു തെറ്റ്? ഗായകൻ കിഷോർ കുമാർ, ഉദ്ദേശിച്ച പ്രതിഫലം കിട്ടിയില്ലെങ്കിൽ "പാടാൻ വയ്യ, തൊണ്ട വേദനയാണെ"ന്നു പറയുമായിരുന്നുവെന്നു വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മാസ്മരികശബ്ദത്തിനുദാഹരണമാണു "കഭീ കഭീ" എന്ന ഗാനം (എനിക്കിതിന്റെ അർത്ഥമൊന്നും അറിയില്ലെങ്കിലും, ആ ശബ്ദവും ഈണവും എനിക്കേറെ ഇഷ്ടമാണ്).



മുമ്പൊക്കെ വിവാഹങ്ങളിൽ പങ്കെടുക്കുന്നത് ഇന്നത്തേതിനെക്കാൾ സന്തോഷമായിരുന്നു. ഇപ്പോൾ അത്രകണ്ടു സന്തോഷം തോന്നുന്നില്ല. കുറെ നാൾ മുമ്പ് ഒരു വിവാഹത്തിൽ സംബന്ധിച്ചു. പേരറിയാവുന്നതും പേരറിയാത്തതുമായ പല ഭക്ഷണസാധനങ്ങളുമുണ്ടായിരുന്നു. അവയിൽ ചിലതൊക്കെ അല്പാല്പം കഴിച്ചു. ഫലം, ഒരാഴ്ചത്തേക്കു ഭക്ഷണമൊന്നും കഴിക്കാൻ കഴിഞ്ഞില്ല! ഒരാഴ്ചത്തെ ഭക്ഷണം ഒരുമിച്ചു കഴിച്ചതല്ല, ഭക്ഷണത്തിന്റെ പ്രശ്നമായിരുന്നു. യൂറോപ്പിലെ ഒരു രാജ്യത്തിന്റെ പേരൊക്കെയുള്ള കാറ്ററിങ് സ്ഥാപനമുണ്ടാക്കിയതാണു ഭക്ഷണം. അതു കഴിച്ചവർക്കെല്ലാം വയറിനു പ്രശ്നമുണ്ടായി. അപ്പോൾ ഞങ്ങളുടെ സഭാശുശ്രൂഷകൻ പറഞ്ഞു, "ഇനി കല്യാണത്തിനു പോകുമ്പോൾ, ഒരു പൊതി= (പൊതിച്ചോറ്) യും കൂടെ കൈയിൽ കരുതുന്നതാ നല്ലത്". ഇനി വിഷയത്തിലേക്കു വരാം.

കർത്താവു പറഞ്ഞ നിരവധി ഉപമകളുണ്ട്. അവയിൽ ലോകപ്രസിദ്ധമായ ഉപമയാണു 'മുടിയൻ പുത്രന്റേ'ത്. ഉപമ കൂടാതെ കർത്താവ് ഒരു കാര്യവും പറഞ്ഞില്ലെന്നും വായിക്കുന്നു. സ്വർഗ്ഗീയമായ കാര്യങ്ങൾ വിശദീകരിക്കുന്നതിനു കർത്താവുപയോഗിച്ച ഉപമകൾ ഹൃദയസ്പർശിയായവയാണ്.

"ഒന്നിനോടൊന്നു സദൃശം ചൊന്നാലുപമയാമത്" എന്നൊരു ...നിർവ്വചനം (ലക്ഷണം). "തന്നെ സംബന്ധിക്കാത്ത വഴക്കിൽ ഇടപെടുന്നവൻ വഴിയെ പോകുന്ന നായുടെ ചെവിക്കു പിടിക്കുന്നതുപോലെ" എന്നത് ഉപമയാണ്. ഉപമയും ഉൽപ്രേക്ഷയും തമ്മിലെന്താ വ്യത്യാസമെന്നു ചിന്തിച്ചേക്കാം. "മറ്റൊന്നിൻ ധർമ്മയോഗത്താൽ അതു താനല്ലയോ ഇതെന്നു വർണ്യത്തിലാശങ്ക"യെന്നാണ് ഉൽപ്രേക്ഷയുടെ ലക്ഷണമായിപ്പറയുന്നത്.

ഉപമ ചിരപരിചിതമായ രണ്ടു കാര്യങ്ങളെ താരതമ്യം ചെയ്യുന്നതും, ഉൽപ്രേക്ഷ പരിചിതമല്ലാത്ത ഒന്നിനെ മറ്റൊന്നിനോടു സമീകരിക്കുന്നതുമാണ്.

"വിവേകമില്ലാത്ത സുന്ദരി പന്നിയുടെ മൂക്കിൽ പൊന്മുക്കൂത്തി പോലെ" എന്നത് ഉൽപ്രേക്ഷയായി കരുതാം. ഇത് ഉൽപ്രേക്ഷയല്ലെന്ന് അഭിപ്രായമുള്ളവർക്ക് "പൊന്നണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടു നടക്കുന്നതുപോലെ"യെന്ന ഉദാഹരണം ഉപയോഗിച്ചു തൃപ്തിപ്പെടാം.

പ്രസംഗത്തിന്റെയും എഴുത്തുകളുടെയും ജീവൻ കുറെയൊക്കെ ഉപമകളിലാണ് അടങ്ങിയിരിക്കുന്നത്. ഞാൻ കേട്ടിട്ടുള്ള മികച്ച ഉപമകൾ കാനമച്ചന്റെയും പാസ്റ്റർ ലാസർ വി. മാത്യുവിന്റെയുമാണ്. കാനമച്ചന്റെ ദൃഷ്ടാന്തങ്ങൾ കുറെക്കൂടി മൗലി

07

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.